# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 34 ലക്കം ജൂൺ 2016 വാർഷിക വരിസംഖ്യ ₹100



ദുക്റാന തിരുനാൾ
ആശംസകൾ

പ്രോസാങ്ട് ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ


ഉള്ളതു പങ്കുവയ്ക്കുന്ന സുവിശേഷപാഠം നമുക്ക് സ്വന്തമാക്കാൻ സാധിച്ചാൽ ജീവിതം ഫലപ്രദമായിത്തീരും.

സഭയുടെ ആരാധനക്രമത്തിലൂടെയും കൂദാശകളിലൂടെയുമാണ് ആന്തരികജീവിതം പരിപോഷിപ്പിക്കപ്പെടുന്നത്.

നാം ജീവിക്കുന്ന കാലഘട്ടത്തിലെ സഭയുടെ ആവശ്യങ്ങളെക്കുറിച്ച് നാം അറിയണം. സഭയെ സ്നേഹിക്കണം.

ക്രൈസ്തവരായി ജീവിക്കുന്നതിന് നല്ല മനസ്സും പരിശ്രമവും എല്ലാറ്റിനുമുപരി പരി.ത്രിത്വത്തിലെ മൂന്നാളുകളോടുള്ള ബന്ധത്തിലുള്ള വളർച്ചയും ആവശ്യമാണ്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 34 കൈത്താ ലക്കം ജൂൺ 2016

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- നിലം പാഴാക്കരുതേ 05
- വിശുദ്ധീകരിക്കപ്പെട്ട ജീവിതം 07
- നമുക്കും വിശുദ്ധരാകാം 09
- ഒരോർമ്മക്കുറിപ്പ് 11
- അൽഫോൻസാമ്മേ... 13
- പുണ്യാളനും രൂപക്കൂടും 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- Go, Therefore, Make Disciples of all Nations 20
- ചോദ്യോത്തര വേദി 22
- പരിസ്ഥിതി ആദ്ധ്യാത്മികത... 23
- നിത്യവിശുദ്ധ 25
- വിശുദ്ധരോടൊപ്പം 26
- സെനക്കിൾ തരംഗം 28
- വെറും ഹൃദയമല്ല തിരുഹൃദയമാകണം 29
- നന്മയുടെ വേഷപ്പകർച്ചകൾ 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

# ഫലം നിറഞ്ഞ ശാഖകൾ



ഭീകരരുടെ തടവിലായിരിക്കുന്ന ബഹു. ടോം ഉഴുന്നാലിലച്ചന്റെ വിമോചനം പെട്ടന്നു സാധ്യമാകട്ടെ എന്ന പ്രാർത്ഥന തുടരുമ്പോഴും ശ്രദ്ധയിൽപ്പെട്ട മറ്റൊരു കാര്യം അദ്ദേഹത്തെക്കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിൽ കുറഞ്ഞുവരുന്നു എന്നതാണ്. ബ്രേക്കിംഗ് ന്യൂസിനായി പരക്കം പായുന്ന ഇക്കാലത്ത് ചില വാർത്തകൾ മറവിയുടെ പിന്നാമ്പുറത്തേക്കു തള്ളപ്പെടുന്നതിൽ അതിശയിക്കാനൊട്ടുമില്ല.

എന്നാൽ ക്രൈസ്തവവിശ്വാസികളുടെ ഓർമ്മയിൽ എന്നും തിളങ്ങി നില്ക്കേണ്ട ഒരുപാട് വിശുദ്ധാത്മാക്കളും രക്തസാക്ഷികളുമുണ്ട്. പരിശുദ്ധാത്മശക്തിയാൽ ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രവർത്തനങ്ങളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളർന്നു പന്തലിച്ച സഭാതരുവിന്റെ ചിത്രം നമ്മുടെ മനസ്സുകളിലെത്തിക്കുന്ന ഈ കൈത്താക്കാലത്ത് അവരെ നാം പ്രത്യേകം ഓർക്കേണ്ടതുമുണ്ട്. രക്തസാക്ഷികളുടെ ചുടുനിണത്താലാണല്ലോ സഭ പടുത്തുയർത്തപ്പെട്ടത്. സഭയുടെ ആരംഭം മുതൽ ഇന്നു വരെ, ലോകത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ സഭാമക്കൾ പീഡനമേറ്റു കൊണ്ടാണിരിക്കുന്നത്. തങ്ങൾക്കു കൈമാറിക്കിട്ടിയ വിശ്വാസം കാത്തുസൂക്ഷിക്കാൻ വേണ്ടി ജീവത്യാഗമുൾപ്പെടെയുള്ള പലതരം പീഡനം ഏറ്റെടുക്കുന്നവർ. അവരൊക്കെ സഭാതരുവിലെ ഫലം നിറഞ്ഞ ശാഖകളാണ്.

ആയിരിക്കുന്ന സ്ഥലസാഹചര്യങ്ങളിൽ നല്ല ഫലങ്ങൾ പുറപ്പെടുവിക്കേണ്ടവരാണ് വിശ്വാസികളോരോരുത്തരും. സഭാതരുവിന്റെ എല്ലാ ശാഖകളും ഫലം നിറഞ്ഞതാവണമെങ്കിൽ സഭാമക്കളോരോരുത്തരും അതിനായി പരിശ്രമിക്കേണ്ടതുണ്ട്. ഫലം ചൂടുന്നില്ലെങ്കിൽ വിലയിരുത്തലിന് സ്വയം വിധേയമാകേണ്ടതുമുണ്ട്. ലോകത്തിന്റെ പലവിധ മോഹവലയങ്ങളുടെയും അവിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും വിശ്വാസത്യാഗത്തിന്റെയും തടവറയിൽ കുടുങ്ങിക്കിടക്കുന്നവർക്ക് ഒരിക്കലും നല്ല ഫലങ്ങൾ പുറപ്പെടുവിക്കാനാവില്ല. അങ്ങനെയുള്ളവർക്കുവേണ്ടിയും ശരിയായ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിന്റെ പേരിൽ സഹനങ്ങളേറ്റെടുക്കുന്നവർക്കുവേണ്ടിയും തിന്മയുടെ ആൾരൂപങ്ങളാവയരുടെ മാനസാന്തരത്തിനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം; സഭയുടെ ഉന്നമനത്തിനായി ഒന്നിച്ചു പ്രയത്നിക്കാം.

**ചീഫ് എഡിറ്റർ**



# നിലം പാഴാക്കരുതേ

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ചുവന്നു തുടുത്ത് മുന്തിരിക്കുലകൾ പോലുള്ള ആ കൊച്ചു തക്കാളിപ്പഴങ്ങൾ ആരിലും കൗതുകം ഉണർത്തുന്നവയായിരുന്നു. നല്ല മധുരവും രുചിയും. അതിന്റെ വിത്തുകൾ പാകി കിളിർപ്പിക്കാൻ തീരുമാനിച്ചു. വിത്തുപാകി അധികം താമസിക്കാതെ അവ കിളിർത്ത് ഇലകൾ പൊട്ടിത്തുടങ്ങി. അത് കണ്ടപ്പോൾ തോന്നിയ സന്തോഷം! ഏതാണ്ടൊരു മാസം കൊണ്ട് കൊച്ചുതൈകൾ തക്കാളിച്ചെടികളായി. ഓരോന്നിനെയായി പറിച്ചു മാറ്റി കൂടകളിൽ വച്ചു. വളർന്നുവരുമ്പോൾ താങ്ങിനായി കമ്പുകൾ വച്ചുകെട്ടി, വളം ചെയ്ത് സംരക്ഷിച്ചു. ഒരു പ്രഭാതത്തിൽ തക്കാളിച്ചെടികൾ നിറയെ വെളുത്ത കൊച്ചു പൂക്കൾ! അത് കണ്ടവരുടെയെല്ലാം മുഖത്ത് നൂറു സൂര്യൻ ഉദിച്ചു. എന്നാൽ ആ സന്തോഷം നീണ്ടുനിന്നില്ല. രണ്ടു ദിവസത്തിനകം, പൂക്കളും ഇലകളും മുരടിച്ച് കൊഴിഞ്ഞു നിലത്തു വീണു കിടക്കുന്ന കാഴ്ച സങ്കടം ജനിപ്പിക്കുന്നതായിരുന്നു. വെറുതെ നിലം പാഴാക്കിയതിലുള്ള ദുഃഖം മാത്രം അവശേഷിച്ചു.

നിലം പാഴാക്കിയതിൽ ദുഃഖിക്കുന്ന ഒരെ ജമാനൻ തന്റെ കൃഷിക്കാരനോട് പറഞ്ഞു: "അത് ഫലം തരാത്തതിനാൽ വെട്ടിക്കളയുക" (ലൂക്കാ 13,7). നിരാശനിറഞ്ഞ, പ്രതീക്ഷ നഷ്ടപ്പെട്ട വാക്കുകൾ. നല്കിയ സംരക്ഷണത്തിനും പ്രതീക്ഷ നിറഞ്ഞ കാത്തിരിപ്പിനും ഫലം ലഭിക്കാത്തതിലുള്ള യജമാനന്റെ ദുഃഖം. "ഞാനതിന്റെ ചുവുടുകിളച്ചു വളമിടാം. ഒരു വർഷം കൂടി ഇത് നില്ക്കട്ടെ" (ലൂക്കാ 13,8). കൃഷിക്കാരന്റെ വാക്കുകൾ വൃക്ഷത്തോടുള്ള കരുണയായി ഒഴുകിയിറങ്ങിയപ്പോൾ യജമാനനത് ആശ്വാസമായിരിക്കാം.

നമുക്ക് ഓരോരുത്തർക്കുമുണ്ട് ഒരു കൊച്ചുനിലം. ദൈവമാകുന്ന യജമാനൻ തന്റെ മനോഹരതോട്ടത്തിൽ നമുക്കായി ഒരുക്കിയതാണത്. കൂദാശകളുടെ സമൃദ്ധിയിൽ നമുക്ക് വളമേകി. കരുണയും പരിപാലനയും സ്നേഹവും ജലമായി നമ്മിലേക്കൊഴുക്കി. ക്ഷമയോടെ കാത്തിരുന്നു. പാപത്തിന്റെ പുഴുക്കുത്തുകളിൽ നിന്നും നമുക്കു രക്ഷ നല്കി. എന്നിട്ട് ഞാനാകുന്ന കൊച്ചുചെടി ഫലം




നല്കിയോ. എവിടെ നടപ്പെട്ടു എന്നതിലല്ല, മറിച്ച് നട്ട നിലത്തോടും ലഭിച്ച സാഹചര്യങ്ങളോടും സഹകരിക്കാൻ മനസ്സുണ്ടായോ എന്നതാണ് പ്രധാനം.

നാമോരുത്തരും നടപ്പെട്ട സ്ഥലങ്ങൾ വിഭിന്നങ്ങളാണ്. അവിടുത്തെ സാഹചര്യങ്ങളും ലഭിച്ച പരിചരണവും എല്ലാം വ്യത്യസ്തങ്ങളാവാം. അത്തിമരം നടപ്പെട്ടത് മുന്തിരിതോട്ടത്തിലാണല്ലോ (ലൂക്കാ 13,6). നടപ്പെട്ടാൽ പിന്നെ മൂന്നാം വർഷം മുതൽ ഫലം നല്കേണ്ട അത്തിമരത്തിൽ മൂന്നു വർഷങ്ങളായി ഫലമന്വേഷിക്കുന്ന യജമാനൻ നിരാശനാണ്. അതുകൊണ്ടുതന്നെ നിലം പാഴാക്കുന്നതിൽ അദ്ദേഹം അർത്ഥം കാണുന്നില്ല. അവിടെയാണ് മദ്ധ്യസ്ഥനായി കൃഷിക്കാരൻ കടന്നുവരുന്നത്; കരുണയുടെ മാദ്ധ്യസ്ഥ്യം അവൻ വഹിക്കുന്നു. എത്രയോ തവണ ഈ കരുണയുടെ മാദ്ധ്യസ്ഥ്യം നമുക്കായും നല്കപ്പെട്ടിരിക്കുന്നു. എത്രയോ പ്രാവശ്യം വീണ്ടും വീണ്ടും ചുവടുകിളച്ച് പരിചരണം ലഭിച്ചിരിക്കുന്നു. യജമാനൻ പ്രതീക്ഷിക്കുന്ന ഫലം കൊടുക്കാൻ സാധിച്ചോ നമുക്ക്?

ഫലസമൃദ്ധിയുടെയും വിളവെടുപ്പിന്റെയും സമയമാണ് കൈത്താക്കാലത്ത് അനുസ്മരിക്കുക. ശ്ലീഹന്മാർ വിതച്ച വചനവിത്ത് മുളച്ച്, വളർന്ന് ഫലം ചൂടി നില്ക്കുന്നതിനെ അനുസ്മരിക്കുന്ന മനോഹരമായ കാലം. പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാലും വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ജീവിതത്താലും ചുടുനിണത്താലും സഭയാകുന്ന മനോഹര വൃക്ഷം പടർന്നുപന്തലിച്ച് ഫലസമൃദ്ധിയിൽ നില്ക്കുന്നു.




നാമോരുത്തരുമാണ് സഭ. നാമാണ് സഭയിൽ ഫലം നൽകേണ്ടത്. ഞാനാകുന്ന കൊച്ചു;ടി നല്കേണ്ട ഫലം നല്കിയില്ലെങ്കിൽ അത് സഭാതരുവിന്റെ ഫലത്തിലുള്ള കുറവാണ്. നിലം പാഴാക്കാതിരിക്കാം നമുക്കും. കിട്ടിയ നിലത്ത് വളരാനായി പരിശ്രമിക്കാം. ലഭിച്ച പരിചരണത്തിന്റെ വ്യത്യസ്തയോ നിലത്തിന്റെ മേന്മയോ ഫലം നല്കുന്നതിൽ നമ്മെ തടസ്സപ്പെടുത്താതിരിക്കട്ടെ.







# വിശുദ്ധീകരിക്കപ്പെട്ട ജീവിതം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

അന്ത്യത്താഴവേളയിൽ ഈശോ ഇങ്ങനെ പ്രാർത്ഥിച്ചു: "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ: അവിടുത്തെ വചനമാണ് സത്യം. ... അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ 17,17-19). 'വിശുദ്ധീകരിക്കുക' എന്നതിന് ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് 'മാറ്റിവയ്ക്കുക' എന്നർത്ഥം വരുന്ന 'അഗിയാസോ' എന്ന വാക്കാണ്. പരിശുദ്ധനായവനുവേണ്ടി മാറ്റിവയ്ക്കപ്പെടുന്നത് പരിശുദ്ധമാണല്ലോ. ദൈവം പരിശുദ്ധനാണ്. സ്വർഗവാസികളാൽ നിരന്തരം "പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ" എന്നു പ്രകീർത്തിക്കപ്പെടുന്നവനാണ് ദൈവം (ഏശ 6,1-3). തന്റെ ശിഷ്യരെല്ലാവരും ആ വിധത്തിൽ പരിശുദ്ധനായ ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവരായിരിക്കണമെന്ന് ഈശോ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഈശോ: ദൈവത്തിന്റെ പരിശുദ്ധൻ**

പിതാവു തന്റെ പുത്രനെ മനുഷ്യനായി ലോകത്തിലേക്കു യാത്രയാക്കിയത് 'ദൈവത്തിന്റെ പരിശുദ്ധനാ'യിട്ടാണ്. ഗബ്രിയേൽ ദൈവദൂതൻ പരിശുദ്ധ കന്യകാമറിയത്തോട് മംഗളവാർത്ത അറിയിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: "ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,35). തന്റെ പിതാവിന്റെ അപരിമേയമായ പൂർണതയിൽ പങ്കുകാരനായതിനാലും, തന്റെ പിതാവ് തനിക്കായി നിശ്ചയിച്ച രക്ഷാകരദൗത്യത്തിനായി പൂർണമായും വേർതിരിക്കപ്പെട്ട് നിയോഗിക്കപ്പെട്ടതിനാലും ഈശോ ദൈവത്തിന്റെ പരിശുദ്ധനാണ്

(യോഹ 6,69). "താങ്കൾ മിശിഹായാണോ?" എന്ന യഹൂദരുടെ ചോദ്യത്തിന് അവിടുന്നു മറുപടി കൊടുക്കുന്നത് "പിതാവു വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച ദൈവപുത്രനാ"യി സ്വയം വിശേഷിപ്പിച്ചുകൊണ്ടാണ് (യോഹ 10,36).

**പരിശുദ്ധിയും സ്വയംദാനവും**

ദൈവത്തിന്റെ രക്ഷണീയപദ്ധതി സ്വമനസ്സാലേ സ്വീകരിച്ച്, ദൈവഹിതത്തിനു സ്വയം വിധേയപ്പെടുന്നതുകൊണ്ട്, ഈശോയുടെ പരിശുദ്ധി സ്വയംദാനം ഉൾക്കൊള്ളുന്നതാണ്. ഈ സ്വയംദാനം ജീവിതസമർപ്പണം ആവശ്യപ്പെടുന്നതാണ്. അപ്രകാരം ഈശോ സമർപ്പിച്ച തന്റെ ജീവിതമാണ് അവിടുത്തെ ബലിയർപ്പണമായിത്തീർന്നത്. ഈശോയുടെ ജീവിതബലിയർപ്പണത്തെപ്പറ്റി ഹെബ്രായലേഖകൻ ഇപ്രകാരം പറയുന്നു: "ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ 10,10). അതുകൊണ്ടുതന്നെയാണ് ഈശോ ഇപ്രകാരം പ്രാർത്ഥിച്ചത്: "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ 17,19).

**വിശുദ്ധീകരണത്തിന്റെ സാർവത്രികവിളി**

സ്വയം വിശുദ്ധീകരിക്കുവാനുള്ള വിളി ഈശോമിശിഹായിൽ വിശ്വസിക്കുന്ന എല്ലാവർക്കുമുള്ളതാണ്. സഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിലെ അഞ്ചാം അദ്ധ്യായം ഈ വിളിയെപ്പറ്റി വ്യക്തമായി പറയുന്നുണ്ട്: "ആകയാൽ സഭയിൽ എല്ലാവരും, ഹയരാർക്കിയിൽപ്പെട്ടവരും, അവരാൽ മേയിക്കപ്പെടുന്നവരും, പൗലോസ്ശ്ലീഹായുടെ വാക്കുകളനുസരിച്ച് വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. "ഇതാണു ദൈവഹിതം: നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3) (LG 39). സഭാംഗങ്ങളെല്ലാവരും മിശിഹായിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവഹിതത്തിനു വിധേയരായി സ്വയം ജീവിതസമർപ്പണം നടത്തി സ്വയം വിശുദ്ധീകരിക്കപ്പെടുവാൻ പരിശ്രമിക്കണം.

**പുരോഹിതരുടെ വിശുദ്ധീകരണവിളി**

വിശുദ്ധീകരണത്തിനുള്ള ഈ വിളി എല്ലാവരെയും സംബന്ധിച്ചുള്ളതാണെങ്കിലും, ശ്ലീഹന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ഈശോയുടെ മനസ്സിൽ പ്രാഥമികമായി ഉണ്ടായിരുന്നത് മെത്രാന്മാരും വൈദികരുമായിരുന്നു. സെനക്കിളിൽ പരാമർശിക്കപ്പെടുന്ന "വിശുദ്ധീകരണം" എന്നതിന്റെ വെളിച്ചത്തിൽ മെത്രാന്മാരും വൈദികരും ജീവിച്ചാൽ അതു ദൈവജനത്തിന്, വിശുദ്ധിയിലുള്ള ജീവിതത്തിനു വേണ്ടി യത്നിക്കുവാനുള്ള ഉത്തരവാദിത്വത്തെപ്പറ്റി ബോധവാന്മാരാകുവാൻ ഏറെ എളുപ്പമാകും. വൈദികർ പൗരോഹിത്യപദവിയുടെ സ്വീകരണത്തിലൂടെ പ്രത്യേകമാംവിധം ദൈവത്തിനു സമർപ്പിതരായതുകൊണ്ടും, ജനങ്ങൾക്കുള്ള ശുശ്രൂഷയിൽ ദൈവികരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരായതുകൊണ്ടും അവർക്കു ജീവിതത്തിൽ വിശുദ്ധിയാർജ്ജിക്കുവാൻ ഒരു പ്രത്യേക ഉത്തരവാദിത്വമുണ്ട്. വൈദികരുടെ വിശുദ്ധീകരിക്കപ്പെട്ട ജീവിതം, അവരുടെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്ന എല്ലാവർക്കും എപ്പോഴും പ്രചോദനമാകുകയും ചെയ്യും.





ദൈവത്തിന്റെ അനന്തപരിപാലന നേരിട്ടനുഭവിച്ച ശ്ലീഹന്മാരാൽ സ്ഥാപിതമായ തിരുസഭയുടെ വളർച്ചയെ അനുസ്മരിക്കുന്ന കാലമാണു കൈത്താക്കാലം. സഭ എന്നതു നാമോരോരുത്തരുമാണ്. ദൈവപരിപാലനയിൽ ശ്ലീഹന്മാരുടെ പ്രവർത്തനഫലമായി രൂപം പ്രാപിച്ച തിരുസഭയുടെ വളർച്ചയെയാണു നാം ഈ കാലത്തിൽ അനുസ്മരിക്കുന്നത്. ഇവിടെ സഭാതനയരായ നമ്മുടെ കടമയെക്കുറിച്ചു ചിന്തിക്കേണ്ടതാവശ്യമാണ്. അജ്ഞരായിരുന്ന



# നമുക്കു വിശുദ്ധരാകാം

**സ്റ്റെഫി മംഗലത്തുകുന്നേൽ**

ശ്ലീഹന്മാർ ദൈവത്തിന്റെ വിളിയനുസരിച്ചു ജീവിച്ചപ്പോൾ ദൈവം അവരിലൂടെ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഇപ്രകാരം ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിച്ചാൽ നമ്മിലൂടെയും ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു കാണാനാവും. എന്തൊക്കെയാണു നമ്മെ സംബന്ധിച്ച ദൈവഹിതം? അതു മറ്റൊന്നുമല്ല, പരസ്പരം സ്നേഹിക്കുക എന്നതാണ്. അതു വെറുതെയുള്ള സ്നേഹമല്ല, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ സ്നേഹിക്കാനാണ് ഈശോ പറഞ്ഞിരിക്കുന്നത്. ഈശോ നമ്മെ സ്നേഹിച്ചതു തന്റെ ജീവൻ നമുക്കായി നൽകിക്കൊണ്ടാണ്.

നമ്മുടെ അനുദിനജീവിതത്തിലും നാം മറ്റുള്ളവർക്കുവേണ്ടി മുറിയപ്പെടണം, ജീവൻ നൽകണം. അതിനു വലിയ വലിയ കാര്യങ്ങളൊന്നും ചെയ്യേണ്ടതില്ല. ഏറ്റം നിസ്സാരമായ കാര്യങ്ങൾ വളരെ വിശ്വസ്തതയോടെ, ഏറ്റം സ്നേഹത്തോടെ ചെയ്താൽ മതി. ദൈവം നമുക്കു തന്നിരിക്കുന്നവരെ ഹൃദയം കൊണ്ടു സ്നേഹിക്കുക. നമ്മുടെ സഹായം ആവശ്യമായവർക്ക് അതു നിരസിക്കാതിരിക്കുക... ഇതുപോലെയുള്ള അനേകം കാര്യങ്ങൾ നമുക്കു ചെയ്യാനാവും.


സ്വന്തം കുടുംബത്തിൽ തന്നെയാണ് നാം ഈ പരസ്നേഹം ആദ്യം ജീവിക്കേണ്ടത്. മാതാപിതാക്കളുടെ, മക്കളുടെ, ജീവിതപങ്കാളിയുടെ, സഹോദരങ്ങളുടെ എല്ലാം നേർക്ക് ഈ പരസ്നേഹം ജീവിക്കുവാൻ നമുക്കു കടമയുണ്ട്. അസാദ്ധ്യകാര്യങ്ങളൊന്നും ദൈവം നമ്മോടാവശ്യപ്പെടുന്നില്ല. ഹൃദയം കൊണ്ട് എല്ലാവരെയും സ്നേഹിക്കുക. സ്നേഹം സകലതും സഹിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക – അത് ആരുമറിയാതെ ചെയ്യുവാൻ സാധിക്കുന്ന ഏറ്റവും വലിയ പരസ്നേഹപ്രവൃത്തിയാണ്.

ഇപ്രകാരമെല്ലാം പ്രവർത്തിച്ചിട്ടും ദൈവം എന്നിൽ നിന്നും മുഖം തിരിച്ചിരിക്കുന്നതെന്താണെന്ന് ചില ജീവിതസാഹചര്യങ്ങളിൽ ഒരുപക്ഷേ നാം ചിന്തിച്ചേക്കാം. വളരെ ഉയരത്തിൽ പറക്കുന്ന കഴുകൻ തന്റെ കുഞ്ഞിനു പറക്കാറാകുമ്പോൾ അതിനെ തന്റെ ചിറകുകളിൽ വഹിച്ച് മുകളിലേക്കു കൊണ്ടുപോകും. മുകളിലെത്തിക്കഴിയുമ്പോൾ കുഞ്ഞിനെ തന്റെ ചിറകിൽ നിന്നും താഴേക്കു വീഴാൻ തള്ള അനുവദിക്കും. മാനുഷികമായി ചിന്തിച്ചാൽ ആ കുഞ്ഞ് എന്തുമാത്രം വേദനിച്ചിട്ടുണ്ടാവാം! അമ്മയ്ക്കു തന്നോടു സ്നേഹമില്ലാത്തതിനാലാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെന്നും കരുതിയിട്ടുണ്ടാവാം. പക്ഷേ അമ്മയ്ക്കറിയാം ഇതില്ലെങ്കിൽ ആ കുഞ്ഞ് ഒരിക്കലും പറക്കുകയില്ലെന്ന്. സൃഷ്ടി ഇപ്രകാരമാണെങ്കിൽ സ്രഷ്ടാവിന്റെ സ്നേഹം എത്ര അവർണ്ണനീയമായിരിക്കും!!!

സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുന്ന നമ്മുടെ ജീവിതം മറ്റുള്ളവർക്കൊരു മാതൃകയാകണം. അതു സഭയുടെ വളർച്ചയ്ക്കു നിദാനമാകട്ടെ. എപ്പോഴും ദൈവത്തിൽ ആശ്രയിക്കാനും പ്രാർത്ഥനയിൽ സ്ഥിരതയോടെയിരിക്കാനും നമുക്കു കഴിഞ്ഞാൽ നമ്മുടെ നന്മയ്ക്കാവശ്യമായതെല്ലാം ദൈവം തരും. ദൈവം തരുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുവാൻ, അങ്ങനെ സഭയുടെ വളർച്ചയ്ക്കുള്ള ദൈവത്തിന്റെ ഉപകരണങ്ങളാകാൻ നമുക്കു പരിശ്രമിക്കാം.







# ഒരോർമ്മക്കുറിപ്പ്

ഫിലോ കുറ്റിയാത്ത്

സ്വർഗാരോപണത്തിരുനാൾ അടുത്തുവരുമ്പോൾ പഴയ ഒരു ഓർമ്മയിലേക്ക് മനം ഊളിയിട്ടിറങ്ങുന്നു. 2009 ഓഗസ്റ്റിലെ ഒരു പ്രഭാതം. ബ്രസ്സൽസിൽനിന്നും ഒരു ട്രെയിൻ ലൂർദ്ദിലേക്കു നീങ്ങുന്നു. രോഗികളും വികലാംഗരുമുൾപ്പെടെ വളരെപ്പേർ അതിലുണ്ടായിരുന്നു. അവരോടൊപ്പം ലൂർദ്ദിൽ പോകാനുള്ള ഒരവസരം തമ്പുരാൻ എനിക്കും ഒരുക്കിത്തന്നു. ലൂർദ്ദുമാതാവിന്റെ അടുത്ത് ഓടിയെത്തുവാൻ ഹൃദയം തുടിച്ചിരുന്നു. അവിടെച്ചെന്നപ്പോൾ കണ്ട കാഴ്ചകൾ അത്ഭുതപ്പെടുത്തുന്നവയായിരുന്നു. സ്വർഗാരോപണത്തിരുനാളിന്റെ തലേദിവസമായിരുന്നു ഞങ്ങൾ അവിടെ എത്തിച്ചേർന്നത്. ലക്ഷക്കണക്കിന് ആളുകൾ അവിടെ കൂടിയിരിക്കുന്നു. എവിടേക്കു തിരിഞ്ഞുനോക്കിയാലും പലതരത്തിലുള്ള രോഗികളെ കാണാമായിരുന്നു. അന്തരീക്ഷം മുഴുവനും 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന നിറഞ്ഞുനിന്നിരുന്നു. ദൈവസ്തുതികളാലും നന്ദിപ്രകരണങ്ങളാലും യാചനകളാലും ആ സ്ഥലം മുഖരിതമായിരിക്കുന്നു. അല്പം അത്ഭുതത്തോടും അതിലേറെ ഭക്തിയോടും സ്നേഹ




ത്തോടും നന്ദിയോടുംകൂടെ അമ്മയുടെ അടുത്ത് ഞാനും ചേർന്നുനിന്നു. ഉടലോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ട പരിശുദ്ധ മറിയത്തിന്റെ മഹത്ത്വം ധ്യാനവിഷയമാക്കുവാൻ ഈ അനുഭവം ധാരാളമായിരുന്നു. എന്തുകൊണ്ടാണ് ലൂർദ്ദ് ഇത്രമാത്രം അറിയപ്പെടുവാൻ ഇടയായത്? പരിശുദ്ധ അമ്മയുടെ ദർശനം ഉണ്ടായ സ്ഥലമായതുകൊണ്ടുതന്നെയാണ്. ഒരുപാടു രോഗശാന്തികളും മാനസാന്തരങ്ങളും സംഭവിക്കുന്ന സ്ഥലം. അതുകൊണ്ടായിരിക്കാം ഇത്രമാത്രം ആളുകൾ അവിടെ ഓടിയെത്തുന്നത്.

സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുമ്പോൾ പരിശുദ്ധ അമ്മയുടെ യഥാർത്ഥ മുഖം കണ്ടെത്താൻ പരിശ്രമിക്കുന്നതു നന്നായിരിക്കും. സ്വർഗീയരാജ്ഞിയായി തീരുന്നതിനുമുമ്പ് നമ്മെപ്പോലെതന്നെ ഈ ലോകത്തിൽ ജീവിച്ച ഒരു വ്യക്തിയായിരുന്നു അവൾ. വളരെ ചെറുപ്പത്തിൽത്തന്നെ സഹനങ്ങൾ ഏറ്റെടുക്കേണ്ടിവന്ന വ്യക്തിയായിരുന്നു. 'ദൈവഹിതം, എന്റെ പറുദീസാ' എന്ന മനോഭാവത്തോടെ ജീവിച്ച വ്യക്തിയായിരുന്നു. ജീവിതത്തിലെ എല്ലാ അനുഭവങ്ങളും -സങ്കടമായാലും വേദനയായാലും സന്തോഷമായാലും- ദൈവത്തിൽ അർപ്പിച്ചു ജീവിക്കാൻ മറിയത്തിനു സാധിച്ചു. ദൈവപുത്രന്റെ അമ്മയാകാനുള്ള വിളിയോ മറ്റെന്തെങ്കിലുമോ അഹങ്കാരത്തിലേക്ക് അവളെ നയിച്ചില്ല. എളിയവളിൽ എളിയവളായതുകൊണ്ടുതന്നെ ദൈവം അവളെ ഉയർത്തി. ഈ ലോകത്തിലല്ല ദൈവത്തിന്റെ മുമ്പിലാണ് നാം വലിയവരാകേണ്ടത് എന്ന് ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മെത്തന്നെ വിലയിരുത്തുവാനും മാറ്റങ്ങൾ വരുത്തുവാനും ഈ തിരുനാൾ നമുക്കു പ്രചോദനമാകട്ടെ. പരിശുദ്ധ അമ്മയെപ്പോലെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കു പറന്നുയരാൻ നമുക്കും സാധിക്കട്ടെ.








# അൽഫോൻസാമ്മേ എനിക്ക് അമ്മയോട് അസൂയ തോന്നുന്നു

**ഡീക്കൻ ആൽബിൻ പാറയിൽ** O.Carm
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ

"കത്തുന്നതെല്ലാം ഒടുവിൽ കെട്ടുപോകും
ഒരിക്കൽ കെട്ടുകഴിഞ്ഞാലോ വീണ്ടുമത് കത്തിക്കാനാവില്ല.
സ്നേഹത്തിൽ കത്തിത്തീർന്നവരോ
അവർ വീണ്ടും വീണ്ടും കത്തിക്കപ്പെടും"
(കവി റഹിം)

അതിബുദ്ധിമാന്മാരുടെയും വിജയികളുടേതും മാത്രമായ ലോകം. ഹൃദയകാഠിന്യം കൂടാതെ പരാജയപ്പെടുന്ന കളികൾ കളിക്കാൻ തയ്യാറാകാത്ത ലോകം. തന്റെ വളർച്ചയ്ക്കായി മാത്രം പരാജയങ്ങൾ ഏറ്റുവാങ്ങുന്ന ലോകം. ഇവിടെ സ്നേഹപൂർണ്ണമായ കളികൾ എന്നും പരാജയങ്ങളാണ്. കുടുംബത്തിൽ, സമൂഹത്തിൽ, വ്യക്തിജീവിതത്തിൽ. എന്നിട്ടും തോൽക്കുമെന്നറിഞ്ഞിട്ടും ലോകത്തിനു മുൻപിൽ പരാജയമായി തോന്നുന്ന ആ സഹനത്തിന്റെ കളി കളിച്ചവൾ ഇന്ന് ലോകത്തിനു മേൽ വിജയിച്ചു നില്ക്കുകയാണ്. തകർന്ന ആ ഗോതമ്പിന്റെ നിലവിളി ഇന്ന് നിറയുന്ന ജീവന്റെ സുവിശേഷമാണ്. വിശുദ്ധിയുടെ നൊമ്പരവും വേദനയുടെ കണ്ണീരുപ്പും വിശപ്പിന്റെ അപ്പവും ആവോളം നുകർന്ന് ഏകാന്ത വേദനയിൽ അന്യനുവേണ്ടി കണ്ണീർ പൊഴിച്ചാണ് അവൾ വിജയപീഠത്തിലെത്തിയത്. വിജയിക്കാൻ വേണ്ടിമാത്രം കളിച്ചവൾ. മണവാളനായ, സഹനദാസനായ ഈശോയോടുള്ള സ്നേഹത്താൽ സ്വയം പൊള്ളിച്ചവൾ, മുറിവേറ്റവൾ, കുരിശുകൾ ഏറ്റെടുത്തവൾ. ദൈവത്തോടുള്ള സ്നേഹത്താൽ എല്ലാം ഇട്ടെറിഞ്ഞ് അവനായി അവന്റെ സ്നേഹത്തിനായി സ്വയം ഉരുകിത്തീർന്നവൾ. ജീവിക്കുക എന്നാൽ

സ്നേഹിക്കുക എന്നും സ്നേഹിക്കുക എന്നാൽ സഹിക്കുക എന്നും പറഞ്ഞുതന്നവൾ, കാണിച്ചുതന്നവൾ, വി. അൽഫോൻസാമ്മ.

ഒരു സുവിശേഷപ്രഘോഷണമോ, വീരചരമമോ ഒന്നുമല്ല. മറിച്ച് നാലു ചുവരുകൾക്കുള്ളിൽ സഹനത്തിൽ ഈശോയെ സ്നേഹത്തോടെ ശരീരത്തിൽ വഹിച്ചതായിരുന്നു, ജീവിതത്തിലൂടെ കാണിച്ചുതന്നതായിരുന്നു അവളുടെ പുണ്യം. സ്നേഹത്തെ പ്രതി സഹിക്കുന്നതിലൂടെയല്ലാതെ എങ്ങനെ ഒരു പുണ്യാത്മാവ് സ്വയം വെളിപ്പെടുത്തും. കാരണം സ്നേഹത്തിന്റെ അഗ്നി സനാതനമാണ്, നിത്യമാണ്. സഹനത്തിന്റെ വേദനയും ഭീതിദ്മായ നിഴലുകളും നിന്നെ പേടിപ്പിക്കുന്നത് നീ ഈശോയ്ക്ക് എതിരു നിൽക്കുമ്പോഴാണ്. അവനോട് ചേർന്നുനിൽക്കുക അപ്പോൾ ആ നിഴലുകൾ നിന്റെ പിന്നിലൊളിക്കും. കാരണം അവൻ പ്രകാശമാണ്. പിന്നെ അവനിലെ വെളിച്ചത്തെ നോക്കി സഹനത്തെ നേരിടുക എന്ന കുഞ്ഞുസൂത്രം നമുക്കു പറഞ്ഞുതന്ന ചെറിയ ജീവിതം. സഹനത്തീയിൽ വെന്തുയർന്ന പരിമള ധൂപം-വി. അൽഫോൻ സാമ്മ.

ജീവിതത്തിന്റെ വഴിത്താരയിൽ സഹിക്കേണ്ടിവന്ന കുരിശുകളെ അവ അത്യന്തം വേദനാജനകമായിരുന്നിട്ടും സ്വന്തം നെഞ്ചോട് ചേർത്തുപിടിച്ച് ഈശോയുടെ പീഡയോട് ചേർന്നുനിൽക്കാൻ അമ്മ കണിച്ച ധൈര്യം സത്യമായും എന്നിൽ അസൂയ ഉണർത്തുന്നു. ഒരു മുള്ളിന്റെ നൊമ്പരംപോലും പഴിവാക്കുകളോടെ ചുമക്കുന്ന എനിക്ക് അതിൽ അത്ഭുതം തോന്നുന്നു. സത്യമായിട്ടും അതായിരുന്നു വിശുദ്ധി. സഹനത്തിന്റെ സ്നേഹപൂർണ്ണമായ പരിചരണം. തന്റെ ഭൗതിക സൗന്ദര്യത്തിന് മാറ്റുകൂട്ടാൻ ലഭിച്ച ആടയാഭരണങ്ങൾ മാറ്റിവച്ച് തന്റെ ആദ്ധ്യാത്മിക സൗന്ദര്യത്തിന് മാറ്റുകൂട്ടുന്ന സഹനമാകുന്ന ആഭരണം എടുത്തണിഞ്ഞ് പ്രശോഭിതയായി നിൽക്കുന്ന അൽഫോൻസാമ്മേ, അമ്മയുടെ ആ ധൈര്യം എനിക്ക് പകർന്നു തരുമോ? ജീവിതത്തിലെ സഹനത്തിന്റെ പർവ്വതങ്ങൾ കണ്ട് ഞടുങ്ങി, മുന്നോട്ടുവച്ച എന്റെ കാൽ പിന്നോട്ട് എടുക്കാൻ തുനിയുമ്പോൾ നീ എനിക്കായ് നിന്റെ കരം തരുമോ? സഹനപർവ്വതങ്ങളെ ആ വിരൽതുമ്പിന്റെ ധൈര്യത്താൽ കീഴടക്കാൻ ഈശോയുടെ സഹനത്തിൽ പങ്കുചേർന്ന് ആ സ്നേഹത്തിലൊന്നാവാൻ....

ജീവിതത്തിൽ സഹനത്തിന്റെ ഈശോയെക്കുറിച്ച് ധ്യാനിക്കാൻ എനിക്കിഷ്ടമല്ല. കാരണം സഹനത്തിന്റെ ക്രിസ്തുഗാഥ എന്നിൽ അസ്വസ്ഥതകൾ ഉളവാക്കുന്നു. സഹനത്തെ ജീവിതത്തിന്റെ ഭാഗമാക്കാൻ ഇഷ്ടപ്പെടാത്തതുകൊണ്ടാവാം, എന്നും അപ്പം വർദ്ധിപ്പിച്ച്, വെള്ളം വീഞ്ഞാക്കിയ നാഥനെയാണെനിക്കിഷ്ടം. കാരണം സുഖലോലുപതയിലെ എന്റെ ചെയ്തികൾ ന്യായീകരിക്കാൻ എനിക്കതു മാത്രമല്ലേ ഉള്ളൂ. അതുകൊണ്ടുതന്നെയാവാം സഹനവും വേദനയും കഷ്ടപ്പാടും കണ്ണീരും ഒഴിച്ച് എന്തും എത്ര മടങ്ങ് ഇരട്ടിയാക്കിക്കിട്ടാനും ഇഷ്ടപ്പെടുന്നത്. ഇവിടെയാണ് സഹനത്തെ ചോദിച്ചു വാങ്ങിയിരുന്ന നീ വ്യത്യസ്തയാകുന്നത്. സഹനത്തെ എങ്ങനെ വിശുദ്ധിയുടെ പൂവിരിച്ച വഴിത്താരയാക്കാമെന്ന് നീ കാണിച്ചുതന്നു. അവിടെയാണ് നിന്നിലെ വിശുദ്ധി പതിൻമടങ്ങായി തിളങ്ങിയത്. സഹനത്തിലും സ്നേഹത്തിന്റെ പൂക്കൾ വിതറിയിരുന്ന അമ്മേ, നിന്റെ ആത്മീയ സൗരഭ്യത്തിന്റെ രഹസ്യം പറഞ്ഞുതരുമോ എനിക്ക്. ഇനിയും നടന്നുതുടങ്ങിയിട്ടില്ലാത്ത സഹനവഴികളെ തരണം ചെയ്യാൻ...

കുരിശുകൾ എന്നും അലട്ടിയിട്ടേ ഉള്ളൂ. കുരിശുകൾ ഒന്നൊന്നായ് പെരുകുന്ന ജീവിതത്തിൽ ഒരു കുരിശിൽ നിന്ന് രക്ഷപ്പെടാൻ ഓടുമ്പോൾ കുരിശുകളുടെ എണ്ണവും വർദ്ധിക്കുന്നു. പരാതി കൂടാതെ ഒരു കുരിശും സ്വീകരിക്കാൻ സാധിക്കാത്ത ജന്മം. ജീവിതത്തിൽ അപരന്റെ കുരിശുകളിൽ സഹതപിച്ചും സ്വന്തം കുരിശുകളോർത്ത് പിറുപിറുത്തും ജീവിക്കുമ്പോൾ സ്വന്തം ജീവിതത്തിൽ അപരന്റെ കുരിശുകൂടി തന്റെതാക്കണമേ എന്ന് നീ പ്രാർത്ഥിച്ചിരുന്നു എന്നറിയുമ്പോൾ മനസ്സിലാകുന്നു ഒരു പുണ്യചരിതയുടെ ജീവിതമാഹാത്മ്യം. മറ്റുള്ളവർ കാണാത്തത് കണ്ടും അവർ കേൾക്കാത്തത് കേട്ടും അവർ അനുഭവിക്കാത്തത് അനുഭവിച്ചും അവർ ചെയ്യാത്തത് ചെയ്തും നീ വിശുദ്ധിയുടെ ഔന്നത്യത്തിലായിരിക്കുമ്പോൾ സ്വയം കുറ്റപ്പെടുത്തലിന്റെ "സദ് വാർത്ത" യുമായി കഴിഞ്ഞുപോവുകയാണീ ജന്മം....

എന്നും വാങ്ങിക്കൂട്ടുന്ന മുറിത്തിരികളാൽ മറ്റുള്ളവരുടെ വഴിത്താരയിൽ പ്രകാശമായി നിറഞ്ഞുനിന്നിരുന്ന നിന്റെ മനസ്സിന്റെ നന്മയെക്കുറിച്ച് ഞാൻ ഒരുപാടറിഞ്ഞു. സഹനത്തിലും വേദനയിലും ദുഃഖത്തിലും ഒരു മുറിത്തിരി നാളമായെങ്കിലും അപരർക്ക് വെളിച്ചമേകാൻ, നന്മയാകാൻ നിനക്ക് കഴിഞ്ഞല്ലോ... കരിന്തിരി കത്തുന്ന എന്റെ ഈ ജീവിതവിളക്കുകൊണ്ട് അപരർക്ക് ആവുന്നിടത്തോളം പ്രകാശം നൽകാൻ വേണ്ട കൃപ എനിക്ക് തരണേ എന്നാണ് എന്റെ ഇപ്പോഴത്തെ പ്രാർത്ഥന.

ഈശോയുടെ സ്നേഹത്താൽ ഉരുകിത്തീരുന്ന നിന്റെ ജീവിതമാഹാത്മ്യത്തെക്കുറിച്ച് വായിക്കുമ്പോൾ നിന്നെപ്പോലെ നാഥന്റെ തീക്ഷ്ണതയുള്ള സാക്ഷിയാകുവാനുള്ള ആഗ്രഹം എന്നിൽ തീവ്രമാകുന്നു. പക്ഷേ ഗോതമ്പുമണി അപ്പമായ്ത്തീരാൻ വേണ്ട സഹനത്തിന്റെ യാത്ര എന്നിൽ തടസ്സം സൃഷ്ടിക്കുന്നു. സ്വയം





അഴുകി ഇല്ലാതാകാൻ എന്നിലെ ഞാൻ ഇല്ലാതാകാൻ, പുതുജന്മം കൈവരിക്കാൻ-ക്രിസ്തുവിനെപ്പോലെയാകാൻ എനിക്കാവുന്നില്ല. പതറിയ കാലടികളും വഴിയിലെ സുഖശീതളിമയും എന്നിലെ ഈശോയുടെ സ്നേഹത്തിന്റെ കെടാത്ത അഗ്നിയിൽ ജലമായ് മാറുമ്പോൾ ഒരു നിമിഷംപോലും അവനെ, അവന്റെ കാലടികളെ പിൻതുടർന്ന് സഹനദാസനാകുവാൻ കഴിയുന്നില്ല. "അൽഫോൻ സാമ്മേ, സത്യമായും എനിക്ക് അമ്മയോട് അസൂയ തോന്നുന്നു. ഇന്നും ജീവിതത്തിന്റെ പ്രലോഭനവേളയിൽ സ്വയം നിയന്ത്രിക്കാനാവാതെ ഈശോസ്നേഹത്തിന്റെ ക്ഷമയറിയാതെ... ഈശോയുടെ സഹനത്തിന്റെ കനലിൽ കാലുപൊള്ളിക്കാനാവാതെ... ഈശോയുടെ മുറിവുകളെ നെഞ്ചോട് ചേർക്കാനാവാതെ... പ്രലോഭനത്തിന്റെ പൂവഴിയിലൂടെ നടന്നും ഇഴഞ്ഞും നീങ്ങുന്ന എനിക്ക് നിന്റെ ആ മനോധൈര്യം, അതിന്റെ രഹസ്യം ഒന്നു പറഞ്ഞു തരുമോ? സത്യമായും അൽഫോൻസാമ്മേ, എനിക്ക് അമ്മയോട് അസൂയ തോന്നുന്നു....






# പുണ്യാളനും രൂപക്കൂടും

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി
കല്യാൺ രൂപത

ഇടവക പള്ളിയിലെ പുണ്യാളന്റെ തിരുനാളാണ്. ഒരുക്കങ്ങളെല്ലാം തകൃതിയായി നടക്കുന്നു. പുണ്യാളൻ പ്രസാദിച്ചാൽ ആ വർഷം ഗംഭീരമായിരിക്കുമെന്നാണ് വിശ്വാസം. പുണ്യാളന്റെ അത്ഭുതങ്ങളെക്കുറിച്ച് പറയുമ്പോൾ വിശ്വാസികൾക്ക് നൂറ് നാവാണ്. ഈ വർഷത്തെ തിരുനാളിന് ഒരു പ്രത്യേകതയുണ്ട്. എല്ലാവർഷവും പ്രദക്ഷിണത്തിന് പുണ്യാളന്റെ രൂപം ഏതെങ്കിലും വാഹനത്തിന്റെ മുകളിൽ വച്ചുകെട്ടുകയാണ് പതിവ്. എന്നാൽ ഈ വർഷമാകട്ടെ പുണ്യാളനുവേണ്ടി ഇടവകക്കാർ രൂപക്കൂട് തീർത്തിരിക്കുകയാണ്. പ്രധാന പുണ്യാളന്റെ കൂടെ പള്ളിയിലെ മറ്റ് പുണ്യാളൻമാരും പുറത്തിറങ്ങുന്ന ദിവസമാണ് അന്ന്. മൂന്ന് രൂപക്കൂടുകളാണ് ഉള്ളത്. രൂപക്കൂടുകൾ പ്രദക്ഷിണസമയം മുഴുവൻ ചുമക്കാൻ ആളെ കിട്ടുമോ എന്ന ഭയം എന്റെ ഉള്ളിൽ അങ്കലാപ്പുണ്ടാക്കി. ഇങ്ങനെ ചിന്തിച്ചുകൊണ്ട് നിൽക്കുമ്പോഴാണ് സുബിൻ അവിടെ എത്തുന്നത്. അവൻ വന്നപാടേ തന്നെ പറഞ്ഞു: "അച്ചോ, ഗൾഫിൽ ഒരു ജോലി ശരിയാകാൻ സാധ്യതയുണ്ട്, ഞാൻ പുണ്യാളനോട് പറഞ്ഞിട്ടുണ്ട്. അച്ചനുംകൂടി ഒന്നു പറയണം". ഞാൻ അവനോട് പറഞ്ഞു: "നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കാം. പ്രദക്ഷിണത്തിന് രൂപക്കൂട് ചുമക്കാൻ നീ വരണം". രൂപക്കൂട് ചുമക്കാമെന്ന് നേർച്ച നേർന്ന്, പിന്നീട് ഗൾഫിൽ പോകാൻ സാധിച്ച ഒരു യുവാവിന്റെ അനുഭവം എന്റെ ഓർമ്മയിൽ വന്നത് ഞാൻ അവനോട് പറഞ്ഞു: "ത്യാഗം ചെയ്ത് പ്രാർത്ഥിച്ചാൽ ഫലം കിട്ടും. പുണ്യാളന്റെ രൂപക്കൂട് ചുമന്ന് നീ പ്രാർത്ഥിക്കുക. നീ ഇത് ആരോടും പറയേണ്ട".

തിരുനാൾദിനം വന്നു. പ്രദക്ഷിണത്തിന് രൂപക്കൂട് ചുമക്കാൻ ചിലരെ ഏർപ്പാടാക്കിയിരുന്നു. പ്രദക്ഷിണത്തിന്റെ സമയമായപ്പോൾ രൂപക്കൂട് ചുമക്കുന്നിടത്ത് വലിയ ബഹളം. കാര്യമന്വേഷിച്ചപ്പോളാണ് മനസ്സിലാകുന്നത് രൂപക്കൂട് എടുക്കാൻ വന്ന ചെറുപ്പക്കാരുടെ തിരക്കായിരുന്നു അത്. കൂട്ടത്തിൽ സുബിനും ഉണ്ട്. ഞാൻ സുബിനോട് പറഞ്ഞ കാര്യം എങ്ങനെയോ പുറത്തായിരിക്കുന്നു. ഗൾഫ് മോഹവുമായി നടന്ന ചെറുപ്പക്കാരെല്ലാവരും എത്തിയിരിക്കുകയാണ്. ഞായറാഴ്ചപോലും പള്ളിയിൽ വരാത്തവനും കൂട്ടത്തിലുണ്ട്. എല്ലാവർക്കും മാറി മാറി ചുമക്കാൻ അവസരം നൽകാം എന്ന നിബന്ധനയിൽ പുണ്യാളൻമാരുടെ കൂടുകൾ എടുക്കപ്പെട്ടു. പ്രദക്ഷിണം കഴിഞ്ഞപ്പോൾ സുബിൻ എന്നെ കാണാൻ വന്നു. സങ്കടത്തോടെ അവൻ പറഞ്ഞു: "രൂപക്കൂട് ചുമക്കാൻ കിട്ടിയില്ലച്ചാ, ഞാൻ അതിന്റെ സൈഡിൽ വെറുതെ കുറച്ചു നേരം തൊട്ടു നടന്നു". ഞാൻ അവനോട് പറഞ്ഞു: "നീ പേടിക്കേണ്ട പുണ്യാളൻ നിന്നെ സഹായിക്കും".

രണ്ടു ദിവസം കഴിഞ്ഞ് അവൻ വീണ്ടും എന്നെ കാണാനെത്തി. കൈയിൽ മധുര പലഹാരത്തിന്റെ പൊതിയും. അവൻ പറഞ്ഞു: "അച്ചാ, എനിക്ക് ഗൾഫിൽ ജോലി ശരിയായി. ഒരു പൈസപോലും കൊടുക്കേണ്ടിവന്നില്ല". എന്റെ കണ്ണുകൾ നിറഞ്ഞു. ലൂക്കായുടെ സുവിശേഷം 8-ാം അദ്ധ്യായം 43-ാം വാക്യം എന്റെ മനസ്സിലൂടെ കടന്നുപോയി. "അവൻ പോകുമ്പോൾ ജനങ്ങൾ ചുറ്റുംകൂടി അവനെ തിക്കിയിരുന്നു. അപ്പോൾ പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായ ഒരു സ്ത്രീ പിന്നിലൂടെ വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു. തൽക്ഷണം അവളുടെ രക്തസ്രാവം നിലച്ചു". എത്രയോ പേർ തിക്കിതിരക്കി. ഈ തിരക്കിനിടയിൽ എത്രയോ പേർ തൊട്ടു. എന്നാൽ ഒരാൾ മാത്രം സുഖപ്പെട്ടു. എത്രയോ ചെറുപ്പക്കാർ രൂപക്കൂടു ചുമന്നു. എന്നാൽ വിശ്വാസത്തോടെ രൂപക്കൂടിന്റെ അരികിൽ തൊട്ടവനെ ദൈവം തൊട്ടു.... ദൈവത്തിന്റെ പ്രവൃത്തികൾ... അത്ഭുതാവഹം തന്നെ.

## ഈശോ നിന്നെയും വിളിക്കുന്നു.....


- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

പ്രിയപ്പെട്ട കൂട്ടുകാരേ... നാം വീണ്ടും കൈത്താക്കാലത്തിലേക്കു പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ സഭ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ചുടുനിണത്താലും സഭാപിതാക്കന്മാരാലും പരിപോഷിപ്പിക്കപ്പെട്ടതാണ്. ഈ കൈത്താക്കാലത്തിൽ വിശ്വാസമാകുന്ന വിത്ത് വളരുവാൻ സഹായിച്ച ചില വ്യക്തികളെയും ചില തിരുനാളുകളെയും കണ്ടെത്താം. തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി താഴെ തന്നിരിക്കുന്ന ചെടികളിലെ ഫലങ്ങളിൽ എഴുതുക.

1. സഭയിലെ ആദ്യരക്തസാക്ഷി ആരാണ്?
2. രക്തസാക്ഷിത്വം വരിക്കാതെ സ്വാഭാവികമരണത്തിലൂടെ ഈശോയ്ക്ക് സാക്ഷ്യം നൽകിയ ശിഷ്യനാര്?
3. പത്രോസ്-പൗലോസ് ശ്ലീഹന്മാർ കൊല്ലപ്പെട്ടതെവിടെ വച്ച്?
4. സഭയ്ക്ക് സ്വാതന്ത്ര്യം നൽകിയ ചക്രവർത്തി ആര്?
5. കൈത്താ എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
6. കൈത്താക്കാലത്തിലെ ഏതു ദിവസങ്ങളിലാണ് ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ആചരിക്കുന്നത്?
7. കൈത്താക്കാലത്തിൽ തോമാശ്ലീഹായുമായി ബന്ധപ്പെട്ട ഏത് തിരുനാളാണ് ആഘോഷിക്കുന്നത്?
8. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആചരിക്കുന്നതെന്ന്?



ശ്ലീഹാ ലക്കം വിജയി:
**ആന്റോ ജോസ് കളളിവയലിൽ, ചേറ്റുതോട്**

തയ്യാറാക്കിയത്: **സൗമ്യ കാഞ്ഞിരക്കാട്ട്**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ജൂലൈ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018





6

# കുഞ്ഞാറ്റയുടെ കുമ്പസാരം




'നാലാമത്തെ കല്പന ഏതാ കുഞ്ഞാറ്റേ"? "മാതാപിതാക്കളെ ബഹുമാനിക്കണം". കുഞ്ഞാറ്റ ഒരു പുഞ്ചിരിയോടെ അമ്മയെ നോക്കി.

കഴിഞ്ഞദിവസം പത്രത്തിലൊരു വാർത്ത കുഞ്ഞാറ്റ കണ്ടില്ലേ? 92 വയസായ അപ്പച്ചനെ ബസ്സ്റ്റാൻഡിൽ കൊണ്ടുപോയി ഇറക്കിയിട്ട് ബസുനോക്കാൻ പോയ മകൻ പിന്നെ വന്നില്ലെന്ന്. ഏഴു മക്കളുള്ള അപ്പച്ചനാ. ഒത്തിരി സമയം കഴിഞ്ഞപ്പോൾ പോലീസുകാര് കൂട്ടിക്കൊണ്ടുപോയി ഭക്ഷണമൊക്കെ മേടിച്ചു കൊടുത്തതും ഒരു അനാഥാലയത്തിലാക്കിയതുമൊക്കെ മോളു കണ്ടതല്ലേ? എത്രമാത്രം കഷ്ടപ്പെട്ടിട്ടായിരിക്കണം ആ അപ്പച്ചൻ ഏഴു മക്കളെയും വളർത്തിയത്. എന്നിട്ട് അവസാനം അപ്പച്ചനെ ഉപേക്ഷിച്ചു.

മുതിർന്നവരെ ബഹുമാനിക്കണം. നമ്മൾ ഇരിക്കുമ്പോൾ നമ്മെക്കാൾ മുതിർന്നവർ വരുമ്പോൾ എഴുന്നേൽക്കണം എന്നും ബസിൽ യാത്രചെയ്യുമ്പോൾ പ്രായമായ വരെയും, കുഞ്ഞുങ്ങളുമായി വരുന്നവരെയും കാണുമ്പോൾ സീറ്റ് അവർക്കായി ഒഴിഞ്ഞു കൊടുക്കണമെന്നും പറഞ്ഞുതന്നിട്ടില്ലേ. ഡാഡിയെയും മമ്മിയെയും ചേട്ടായിമാരെയും ഒക്കെ അനുസരിക്കാത്തപ്പോൾ മോളെ വഴക്കു പറയുകയും അടിക്കുകയും ചെയ്യാറില്ലേ. ദൈവത്തിന്റെ ഈ കല്പനയ്ക്ക് എതിരായി മോളൊന്നും ചെയ്യരുത് കേട്ടോ.

**ഷീജാ കാലായിൽ**



# GO, THEREFORE, MAKE DISCIPLES OF ALL NATIONS

**Dr. Rengith Chakkummoottil**
St. Ephrem's Theological College Satna

The seven week long season of *Kaitha* commences commemorating the missionary activities of the apostles of Christ. The term '*Kaitha*' means summer. It is the season of harvest. This season reminds us of the growth of the Church as a result of the missionary activities of the apostles. "The blood of the martyrs is the seed of the Church", so goes an ancient saying (attributed to Tertullian). The criteria to measure the growth of the Church are the life witness of the individual Christians, especially the missionaries, who commit themselves for the glorification and service of God and His people.

The Church always reminds us of our need to pray for vocations, as Jesus himself told his disciples, so that "the Lord of the harvest may send out labourers into his harvest" (Lk 10:2). He called not only the twelve Apostles, but another seventy-two disciples whom he then sent out for the mission (Lk 10:1-6) and he continues to call. Hearing and following the voice of Christ the Good Shepherd means letting ourselves be attracted and guided by him; it means allowing the Holy Spirit to draw us into this missionary dynamism, awakening within us the desire, the joy and the courage to offer our own lives in the service of the Kingdom of God.






To offer one's life in response to this call is possible only if we are able to leave ourselves behind. It means transcending ourselves, leaving behind our comfort and the obstinacy of our ego in order to centre our life in Jesus Christ. It means leaving, like Abraham, our native place and going forward with trust, knowing that God will show us the way to a new land. This 'going forward' is not to be viewed as a sign of contempt for one's life, feelings and human nature. On the contrary, those who set out to follow Christ find life in abundance by putting themselves completely at the service of God and his kingdom. All of this is profoundly rooted in love. The Christian vocation is first and foremost a call to love, a love which attracts us and draws us out of ourselves and triggering "an ongoing exodus out of the closed inward-looking self towards its liberation through self-giving, and thus towards authentic self-discovery and indeed the discovery of God" (*Deus Caritas Est*, 6).

The task of carefully encouraging and supporting vocations finds a radiant source of inspiration in the Gospel where Jesus calls his disciples to follow him and guide them with love and care. The first thing he did was to pray for them: before calling them, Jesus spent the night alone in prayer, listening to the will of the Father (Lk 6:12) in a spirit of interior detachment from worldly concerns. Vocations to the ministerial priesthood and to the consecrated life are first and foremost the fruit of constant contact with the living God and insistent prayer lifted up to the Lord.

It is a challenging and uplifting invitation that Jesus addresses to those to whom he says: "Follow me!" He invites them to become his friends, to listen attentively to his word and to live with him. He teaches them complete commitment to God and to the extension of his kingdom in accordance with the law of the Gospel. It is no less challenging to follow Christ today. It means learning to keep our gaze fixed on Jesus, growing close to him, listening to his word and encountering him in the sacraments. This requires a genuine formation for all those who would prepare themselves to follow Him intimately. The II Vatican Council explicitly reminded us that "the duty of fostering vocations pertains to the whole Christian community, which should exercise it above all by a fully Christian life" (*Optatam Totius*, 2).

The family carries out a decisive role in cultivating and developing vocations. The II Vatican Council, while reflecting on the duties of parents, teaches that the parents, by word and example are the first heralds of the faith with regard to their children. They must foster the vocation which is proper to each child (*Lumen Gentium*, 11). Our commitment to the promotion and care of vocations becomes most significant and pastorally effective when carried out in the unity of the Church and in the service of communion. For this reason, every moment in the life of the Church community - catechesis, formation meetings, liturgical prayers, pilgrimages - can be a precious opportunity for awakening in the People of God, and in particular in children and young people, a sense of belonging to the Church and of responsibility for answering the call to priesthood and to religious life by a free and informed decision. The ability to foster vocations is a hallmark of the vitality of the Church.




നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# സ്വർഗരാജ്യം അംഗഹീനരുടെ സ്ഥലമാണോ?

"നിന്റെ കൈ നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അതു വെട്ടിക്കളയുക" എന്ന് ഈശോ പറയുന്നതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. തുടർന്ന് കണ്ണും പാദവും ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ അവയും നശിപ്പിച്ച് അംഗഹീനനായി നിത്യജീവനിൽ പ്രവേശിക്കുന്നതാണു നല്ലതെന്നു കാണുന്നു. ഇത് ഈശോ പറഞ്ഞതുതന്നെയാണോ? മതതീവ്രവാദം നിലനില്ക്കുന്ന ചില രാജ്യങ്ങളിൽ തെറ്റുകൾക്ക് ഇങ്ങനെയുള്ള ശിക്ഷകൾ കൊടുക്കുന്നതായും കേട്ടിട്ടുണ്ട്. **എ. ഡി. മാത്യു, കാസർഗോഡ്**

സ്നേഹത്തിന്റെയും ക്ഷമയുടെയും പാഠങ്ങൾ പഠിപ്പിക്കുകയും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത ഈശോ, പാപകരമായ പ്രവണതകളെ ഉപേക്ഷിക്കുക എന്ന സാമാന്യതത്ത്വം മനുഷ്യഹൃദയങ്ങളിൽ ആഴമായി പതിക്കുവാൻ അന്നു നിലവിലിരുന്ന ഒരു സാഹിത്യരൂപം ഉപയോഗിക്കുകയാണിവിടെ. അനുവാചകരെ ചിന്തിപ്പിക്കുവാനും അവർക്കു പ്രചോദനം കൊടുക്കുവാനുമായി ഇപ്രകാരമുള്ള അതിശയോക്തിപരമായ പ്രയോഗങ്ങൾ വി. ഗ്രന്ഥത്തിൽ കാണാവുന്നതാണ്. മനുഷ്യന്റെ നന്മയ്ക്കായി നല്കപ്പെട്ടിരിക്കുന്ന അവയവങ്ങൾ, ഒരുപക്ഷേ വിനാശകരമായി ഉപയോഗിച്ചാൽതന്നെയും നിത്യജീവിതത്തിലേക്കു പ്രവേശിക്കാൻ അവ ഇല്ലാതാക്കുക എന്ന മാർഗം കർത്താവ് ആവശ്യപ്പെടില്ല.

ദൈവത്തോടുകൂടെയുള്ള ജീവിതമാണ് നിത്യജീവൻ. അതു നേടുന്നതിന് ദൈവഹിതത്തിനെതിരായ എല്ലാറ്റിൽനിന്നും മനുഷ്യൻ വിട്ടുനില്ക്കണം. എന്നാൽ പാപത്തോടുള്ള ഒരു ആഭിമുഖ്യം മനുഷ്യനിൽ പ്രകടമാണ്. മനുഷ്യാവയവങ്ങൾ നന്മയ്ക്കും തിന്മയ്ക്കുംവേണ്ടി ഉപയോഗിക്കാം. സ്വന്തം ശരീരം പാപത്തിനു നിദാനമാകുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിച്ച്, നിത്യജീവൻ നേടുന്നതിന് ഉപയുക്തമായവിധത്തിൽ അവയെ ഉപയോഗപ്പെടുത്തണം എന്നാണ് ഈശോ പറയുന്നത്. പാപത്തിനെതിരെ നടത്തേണ്ട പോരാട്ടമാണ് ഇവിടെ സൂചിതം. തിന്മയിലേക്കുള്ള പ്രവണതകളെ നിയന്ത്രിക്കുക എന്നതാണ് പ്രധാനം.

വി. മർക്കോസ് ഇത് അവതരിപ്പിക്കുമ്പോൾ റോമൻ മതപീഡനത്തിന്റെ പശ്ചാത്തലംകൂടി കണക്കിലെടുത്തിരുന്നു. നീറോ ചക്രവർത്തിയുടെ മതപീഡനകാലത്ത് തങ്ങളുടെ വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി ആയിരങ്ങൾ, തങ്ങളുടെ അവയവങ്ങൾ മാത്രമല്ല, ജീവൻതന്നെയും ബലികഴിച്ചു. അവരുടെ ആ ത്യാഗവും സഹനവും ഒരു ഭോഷത്തമായിരുന്നില്ല. മറിച്ച്, അത് നിത്യജീവനിലേക്കുള്ള ഒരു മാർഗമായിരുന്നു. വിശ്വാസസംരക്ഷണത്തിനുവേണ്ടി എന്തും ത്യജിക്കുവാനും സഹിക്കുവാനുമുള്ള ഒരു പ്രചോദനവും ഈ വചനങ്ങൾ നല്കുന്നുണ്ട്.






*Laudato Si - 8*

ലോകം ദൈവത്തിന്റെ സ്നേഹദാനമാണെന്നും അവിടുത്തെ ഉദാരത അനുകരിക്കുവാൻ നാം വിളിക്കപ്പെട്ടവരാണെന്നുമുള്ള അംഗീകരിക്കലാണ് പാരിസ്ഥിതിക ആദ്ധ്യാത്മികതയുടെ കാതൽ. ശരീരത്തിൽനിന്നോ പ്രകൃതിയിൽനിന്നോ ലോകയാഥാർത്ഥ്യങ്ങളിൽനിന്നോ വേർപെട്ടു നിൽക്കുന്നതല്ല നമ്മുടെ ആത്മീയ ജീവിതം. അതിനാൽ പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ആഴമേറിയ ആന്തരിക പരിവർത്തനം അഥവാ പരിസ്ഥിതി മാനസാന്തരം ഇന്നത്തെ തലമുറയ്ക്ക് ആവശ്യമാണ്. അതിന്റെ മുന്നോടിയായി ദൈവത്തിന്റെ സൃഷ്ടിക്കു നാം ചെയ്ത ദ്രോഹങ്ങൾ അംഗീകരിച്ച് സൃഷ്ടിയുമായി അനുരഞ്ജനം സാധ്യമാക്കണം. ഇത് വ്യക്തിപരമായി മാത്രം പോരാ, ദീർഘകാലം നിലനിൽക്കുന്ന മാറ്റം കൊണ്ടുവരുവാൻ ഒരു സമൂഹമാനസാന്തരം തന്നെ ആവശ്യമാണ്.

ഓരോ വസ്തുവിലും ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയുക എന്നത് പരിസ്ഥിതി ആദ്ധ്യാത്മികതയുടെ ഭാഗമാണ്. വി. ഫ്രാൻസീസ് അസീസ്സിയെപ്പോലെ മറ്റ് സൃഷ്ടികളോടും ചുറ്റുപാടുമുള്ള ലോകത്തോടുമുള്ള ബന്ധങ്ങളിൽ ഈ തിരിച്ചറിവ് നമ്മെ ഉദാത്ത സാഹോദര്യത്തിലേക്ക് നയിക്കും. വി. ബൊനവഞ്ചർ പറയുന്നതുപോലെ, "മറ്റു സൃഷ്ടികളിൽ ദൈവത്തെ കണ്ടെത്താൻ നമ്മൾ പഠിക്കുമ്പോൾ നമ്മുടെ ധ്യാനം ആഴപ്പെടുന്നു".



പരിസ്ഥിതി ആദ്ധ്യാത്മികത എന്നത് ധ്യാനാത്മകമായ ഒരു ജീവിതശൈലിയാണ്- "ഉപഭോഗത്തോടുള്ള കടുത്ത അഭിനിവേശത്തിൽനിന്ന് സ്വതന്ത്രമായതും, ആഴമേറിയ ആനന്ദത്തിനു കഴിവുറ്റതുമായ ഒരു ജീവിതശൈലി" (LS.222). ഇത് ലാളിത്യത്തിലേക്കുള്ള തിരിച്ചുപോക്കാണ്; മിതത്വത്തിന്റെയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന മനോഭാവത്തിന്റെയും മുദ്രപേറുന്ന വളർച്ചയാണ്. തങ്ങൾക്കില്ലാത്തവയ്ക്കുവേണ്ടി പരക്കം പായാതെ, ആഗ്രഹങ്ങൾ വിട്ടുകളയുന്നതും, ഓരോ വ്യക്തിയെയും വസ്തുവിനെയും അടുത്തറിയുന്നതും, ശാന്തതയും സമാധാനവും അനുഭവിച്ചു ജീവിക്കുന്നതും ഈ ജീവിതശൈലിയുടെ ഭാഗമാണ്.

പരിസ്ഥിതി ആദ്ധ്യാത്മികതയുടെ ഒരു പ്രധാന ഘടകമാണ് ആന്തരിക സമാധാനം. തന്നോടുതന്നെ സമാധാനത്തിലാകാത്ത ഒരു വ്യക്തിക്കും സംതൃപ്തമായ ജീവിതം നയിക്കുവാനോ സൃഷ്ടിയുമായി ശാന്തമായ ഐക്യം വീണ്ടെടുക്കുവാനോ സാധ്യമല്ല എന്നു മാത്രമല്ല, അവർ ചുറ്റുമുള്ള എല്ലാറ്റിനോടും പരുക്കൻ ശൈലിയിൽ ഇടപെടുന്നതിന് ഇടയാക്കുകയും ചെയ്യും. ശാന്തമനോഭാവം സ്വായത്തമാക്കുന്നതിനും എല്ലാം ദൈവദാനമായി സ്വീകരിക്കുന്നതിനും നന്ദിയുടെ വികാരത്തെ ശക്തിപ്പെടുത്തുന്നതിനും നമ്മുടെ ജീവിതം മറ്റുള്ളവർക്കു സമീപസ്ഥമാക്കുന്നതിനും ദൈവത്തിലാശ്രയിക്കുന്നതിനും ആന്തരികസമാധാനം നമ്മെ സഹായിക്കും.

വിശ്വസാഹോദര്യം പരിസ്ഥിതി ആദ്ധ്യാത്മികതയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ദൈവം നമ്മുടെയെല്ലാം പിതാവാണെന്നും നാമെല്ലാവരും സഹോദരീസഹോദരന്മാരാണെന്നും ഉള്ള ചിന്തയാണ് അതിന്റെ അടിസ്ഥാനം. നമുക്ക് പരസ്പരം ആവശ്യമുണ്ട്; അതുപോലെതന്നെ ലോകത്തിന്റെയും മറ്റുള്ളവരുടെയും കാര്യത്തിൽ തുല്യ ഉത്തരവാദിത്വവും. ഉപകാരികൾ എന്നതുപോലെതന്നെ, ശത്രുക്കളും പ്രകൃതിയും സൂര്യനും കാറ്റുമൊക്കെ നമ്മുടെ സ്നേഹപരിധിക്കുള്ളിൽ വരികയും, അക്രമവും ചൂഷണവും സ്വാർത്ഥതയും യുക്തിന്യായങ്ങളുമൊക്കെ ഇല്ലാതാവുകയും ചെയ്യുന്നിടത്താണ് വിശ്വസാഹോദര്യം നിലനിൽക്കുന്നത്.

പരിസ്ഥിതിയുടെ ആദ്ധ്യാത്മികത ഫലമണിയുന്നതാണ് സ്നേഹസംസ്കാരം. സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള പ്രതിബദ്ധതയും പ്രകൃതിയോടുള്ള സൗഹൃദവും വർദ്ധിച്ചുവരുന്ന, കരുതലിന്റെ സംസ്കാരമാണിത്. ഇവിടെ, സംരക്ഷിക്കുവാനും പുനഃസ്ഥാപിക്കുവാനും വളർത്തുവാനും മനോഹരമാക്കുവാനുമുള്ള ഉദ്യമങ്ങളായിരിക്കും കാണാനാവുക. ഉപഭോഗസംസ്കാരത്തിന്റെ നിസ്സംഗതയല്ല, പൊതുഭവനത്തിൽ വസിക്കുന്നതിന്റെ ഐക്യാവബോധമായിരിക്കും എല്ലാവരിലും പുലരുക.

കൂദാശകൾ, വി. കുർബാന, പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം, സകല സൃഷ്ടികളുടെയും മാതാവും രാജ്ഞിയുമായ പരിശുദ്ധ മറിയത്തോടുള്ള ഭക്തി, കഠിനാദ്ധ്വാനിയായ വി. യൗസേപ്പിനോടുള്ള ആദരം, ഭൂമിക്കുവേണ്ടിയുള്ള പ്രാർത്ഥന, നിത്യവാസസ്ഥലമായ സ്വർഗ്ഗത്തെക്കുറിച്ചുള്ള ചിന്ത എന്നിവയും പരിസ്ഥിതി ആദ്ധ്യാത്മികതയുടെ വിവിധ മാനങ്ങളാണ്. ഇത്തരത്തിലുള്ള ഒരു ആദ്ധ്യാത്മികത സ്വായത്തമാക്കുവാൻ, പ്രകൃതി സംരക്ഷണത്തിൽ നിരന്തരം വ്യാപൃതരാകുവാൻ, സർവ സൃഷ്ടികളോടുമൊത്ത് ഫ്രാൻസീസ് പാപ്പയുടെ പ്രാർത്ഥന നമുക്കും ഏറ്റുചൊല്ലാം: "ത്രിത്വൈക ദൈവമേ, പ്രപഞ്ചത്തിന്റെ സൗന്ദര്യത്തിൽ അവിടുത്തെ ധ്യാനിക്കുവാൻ ഞങ്ങളെ പഠിപ്പിച്ചാലും".



പ്രതീക്ഷയുടെ പൂമൊട്ടുകൾ


കവിത

# നിത്യവിശുദ്ധ

ബാബു പേണ്ടാനം, നീലൂർ



നിത്യവിശുദ്ധയാകും
കന്യകാമേരി നാഥേ
നിൻപാദേ വന്നീടുന്നു
കാരുണ്യം തേടിയമ്മേ
പാരാകെ കൈവണങ്ങും
പുത്രന്റെ ശ്രേഷ്ഠനാഥേ
നിൻപക്കലെത്തുവോരെ
കാത്തു പാലിക്ക നിത്യം
ദുഃഖിതർ മക്കൾ ഞങ്ങൾ
നിന്നോടല്ലാതിവിടെ
സങ്കടം ചൊല്ലീടുവാൻ
ആരുണ്ടീ പാരിടത്തിൽ?
അമ്മേ നിൻ നാമം ഞങ്ങൾ
ചൊല്ലുമ്പോളാനന്ദത്താൽ
സർവ്വം മറന്നീടുവാൻ
കാരണമായിടുന്നു!
ആലംബമില്ലാതങ്ങേ
ആശ്രയം തേടീടുമ്പോൾ
പുത്രനോടൊപ്പമെന്നെ
രക്ഷിപ്പാനെത്തേണമേ.
നിൻ തിരുക്കാച്ചയാലേ
എന്നെ നീ കാക്കേണമേ
വിഘ്നം വരാതെ നിത്യം
കാത്തു പാലിക്കേണമേ.
നാകലോകത്തിലങ്ങേ
പക്കൽ ഞാനെത്തുവോളം
മദ്ധ്യസ്ഥയാകേണമേ
നിൻ മക്കൾ ഞങ്ങൾക്കായി.




# ദ ടൈറ്റാനിക് & ഫാ. തോമസ് ബൈൽസ്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**നശ്വരമായ പ്രണയത്തിന്റെ കഥ പറയുന്ന ചിത്രമായിരുന്നു 'ദ ടൈറ്റാനിക്'

അനശ്വര പ്രണയത്തെക്കാൾ അനശ്വരമാക്കുന്ന ആത്മാർപ്പണത്തെ... ജീവത്യാഗത്തെ... ലോകം മറന്നു...

മറന്നതിനെ, മറഞ്ഞതിനെ മഹത്ത്വത്തിലേക്കുയർത്തുകയാണ് **ഫാ. തോമസ് ബൈൽസ്!!!**

ടൈറ്റാനിക്കിനു ശബ്ദം കിട്ടിയിരുന്നെങ്കിൽ ആഴക്കടലിൽനിന്നും ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ വിളിച്ചുപറഞ്ഞേനെ... ഈ അഭിഷിക്ത ജീവിതത്തെപ്പറ്റി...

മനുഷ്യസ്നേഹത്തിന്റെ... ദൈവസ്നേഹത്തിന്റെ, വീരോചിത വിശ്വാസത്തിന്റെ ... തീവ്രഭാവങ്ങൾ നിറഞ്ഞുനില്ക്കുന്ന അനശ്വരനായ അർപ്പിതൻ!!!

ഈ കപ്പലിന്റെ രണ്ടാം ക്ലാസ്സ്ടിക്കറ്റും ചെറിയൊരു അൾത്താരശിലയുമായി എത്തിയ യാത്രക്കാരനായിരുന്നു 42 കാരനായ ഫാ. തോമസ്. ക്യാപ്റ്റനോടുപറഞ്ഞ് കപ്പലിൽ ബലി അർപ്പിക്കാനുള്ള സ്ഥലം അദ്ദേഹം ഏർപ്പാടാക്കി. കത്തോലിക്കാവിശ്വാസം സ്വീകരിച്ച് ഒടുവിൽ വൈദികനായ വ്യക്തിയാണ് ഫാ. തോമസ് ബൈൽസ്. ''അത്ഭുതകരമായ വിശ്വാസം ലഭിക്കുന്ന അത്യുന്നതമായ ഒന്നാണ് ക്രിസ്തീയ വിശ്വാസം" എന്ന് തന്റെ സഹോദരനായ വില്യമിന് ഒരിക്കൽ എഴുതി. സഹോദരന്റെ വിവാഹത്തിനു സാക്ഷ്യം വഹിക്കുവാനാണ് ടൈറ്റാനിക്കിന്റെ അറ്റ്ലാന്റിക് ട്രിപ്പിൽ ടിക്കറ്റെടുത്തത്. ഈ കപ്പൽയാത്രയ്ക്ക് അവസരമൊരുക്കിയത് ഇടവക ജനമായിരുന്നു.

അതീവ ഹൃദ്യമായ പെരുമാറ്റം!!! ആരുടെയും ഹൃദയം കവരുന്ന പ്രസന്നഭാവം... പ്രസാദാത്മകമായ സംഭാഷണം... കപ്പലിലുള്ളവർക്ക് ഫാ. തോമസ് സ്വന്തമായി...

കപ്പലിലെ യാത്രക്കാരുടെ കുമ്പസാരവും വി. കുർബാനയും അദ്ദേഹമാണ് നടത്തിയത്. കപ്പൽ തകർന്ന ദിനം അദ്ദേഹവും കപ്പലിലുണ്ടായിരുന്ന മറ്റൊരു ജർമ്മൻ വൈദികനും ചേർന്ന് ദിവ്യബലിയർപ്പിച്ചു. അദ്ദേഹം അന്നത്തെ സന്ദേശത്തിൽ പറഞ്ഞത് ജീവിതത്തിലുണ്ടാകുന്ന കപ്പൽ ക്ഷോഭത്തെക്കുറിച്ചായിരുന്നു. പ്രാർത്ഥനയും കൂദാശകളുമാകുന്ന ലൈഫ് ബോട്ടുകളായിരിക്കണം ഈ തകർച്ചയിൽ കൂട്ടായിരിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.



പ്രവാചകശബ്ദം!!!

അപകടം നടന്ന അന്നുരാത്രി 11.40 ന് ടൈറ്റാനിക് മഞ്ഞുമലയിൽ തട്ടിത്തകർന്നപ്പോൾ അദ്ദേഹം പ്രാർത്ഥനയിലായിരുന്നു. പിന്നീടുള്ള മൂന്നുമണിക്കൂർ!!! മരണത്തെ മുഖാമുഖം കണ്ടുമുട്ടുന്ന യാത്രക്കാർക്ക്, അലറിവിളിക്കുന്നവരുടെ നടുവിൽ അനശ്വരജീവിതത്തിനായുള്ള ആത്മീയ ശുശ്രൂഷകൾ നല്കി!!!

അവസാനത്തെ ലൈഫ് ബോട്ടിലെങ്കിലും കയറുവാൻ അദ്ദേഹത്തോട് പലരും ആവശ്യപ്പെട്ടെങ്കിലും തനിക്കു പകരം മറ്റൊരാളുടെ ജീവൻ രക്ഷിക്കാൻ അവസരം നല്കുന്നതിനുവേണ്ടി അദ്ദേഹം അതിനു സമ്മതിച്ചില്ല, യാത്രക്കാർക്കൊപ്പം കടലിന്റെ അടിത്തട്ടിൽ വിലയം പ്രാപിച്ചു.

വിലയം പ്രാപിച്ച വിശുദ്ധ ജീവിതത്തെ, ജീവത്യാഗത്തെ ലോകം അറിഞ്ഞത് പിന്നീടാണ്. പോപ്പ് 10-ാം പീയൂസ് അദ്ദേഹത്തെ സഭയുടെ രക്തസാക്ഷിയെന്ന് വിളിച്ചു. അദ്ദേഹത്തിന്റെ നാമത്തിൽ ഇന്ന് അനേകം അത്ഭുതങ്ങൾ നടക്കുന്നു... അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് നയിക്കുന്നതിനുള്ള പരിശ്രമങ്ങൾ സഭ ആരംഭിച്ചുകഴിഞ്ഞു.




# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ കൈത്താക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ശ്ലീഹന്മാർ തങ്ങളുടെ മിശിഹാനുഭവം പങ്കുവച്ചതിന്റെ ഫലമായി രൂപംകൊണ്ട ത്രിത്വാത്മകകൂട്ടായ്മയാണല്ലോ സഭ. യോഹന്നാൻശ്ലീഹായുടെ സാക്ഷ്യം ഇക്കാര്യം പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നതാണ്: ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ... ഞങ്ങളുമായി നിങ്ങൾക്കു കൂട്ടായ്മയുണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. നമ്മുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്'' (1 യോഹ 1,1-3). ഈ സഭാത്മകകൂട്ടായ്മയിലുള്ള നമ്മുടെ അജപാലനശുശ്രൂഷയുടെ ലക്ഷ്യം മിശിഹായുടെ മുഖം വെളിപ്പെടുത്തിയ ത്രിയേകദൈവത്തിന്റെ സ്നേഹത്തിന്റെ മുഖം -കരുണയുടെ മുഖം- സഭയുടെ മുഖത്ത് പ്രതിഫലിപ്പിക്കുവാൻ തക്കവിധം ഒരു സ്നേഹകൂട്ടായ്മയായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുക എന്നതാണ്. നാം കരുണയുള്ള മുഖത്തോടെ അജപാലനശുശ്രൂഷ നിർവഹിച്ചാൽ മാത്രമേ അപ്രകാരം സഭയെ പടുത്തുയർത്താനാവൂ. അപ്രകാരം ശുശ്രൂഷ നിർവഹിക്കുവാൻ കരുണാസമ്പന്നനായ ദൈവം നാമേവരെയും അനുഗ്രഹിക്കട്ടെ.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ മാത്യു വെള്ളാനിക്കലച്ചൻ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുവാൻ 2016 ജൂൺ 19 ന് റോമിലേക്കു പോയി. ജൂൺ 21 മുതൽ 24 വരെ റോമിൽ വച്ചാണ് ജറനൽ കൗൺസിൽ മീറ്റിംഗ് നടന്നത്. ഓഗസ്റ്റുമാസം ഇറ്റലിയിൽവച്ചു നടക്കാനിരിക്കുന്ന ജനറൽ അസംബ്ലിക്കുള്ള അടുത്ത ഒരുക്കങ്ങൾ പൂർത്തിയാക്കിയതിനുശേഷം ജൂലൈ 2 ന് അദ്ദേഹം തിരിച്ച് ഇന്ത്യയിലെത്തും.

2016 ജൂൺ 15 ന്, സ്ഥാപകപിതാവിന്റെ 22-ാം മരണവാർഷികദിനത്തിൽ, വിശുദ്ധിയുടെ പ്രേഷിതകുടുംബസമ്മേളനം, മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ചു നടന്നു. അപ്പസ്തോലിക് സൊദാലെസ്, അപ്പസ്തോലിക് ഒബ്ലേറ്റ്സ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നീ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളിലും പെട്ട കുടുംബാംഗങ്ങൾ ഒന്നുചേർന്ന് സ്ഥാപകപിതാവിനുവേണ്ടി കുർബാനയർപ്പിച്ചു പ്രാർത്ഥിക്കുകയും പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ''പിതാവിന്റെ കരുണയുടെ മുഖം'' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചിന്തകൾക്കും ചർച്ചകൾക്കും സ്ഥാപകഡയറക്ടർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ നേതൃത്വം നല്കി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.





# വെറും ഹൃദയമല്ല തിരുഹൃദയമാകണം
# വെറും ശേഷിപ്പുകളല്ല തിരുശേഷിപ്പുകളാകണം

**നിയാ മനോജ്**

ജൂൺ 5 ഞായർ ദിനപത്രത്തിൽ രണ്ടു വാർത്തകൾ ശ്രദ്ധേയമായിരുന്നു. ഒന്ന് ഒരു ഭീമാബദ്ധം എന്നു മാധ്യമം വിശേഷിപ്പിച്ച കായിക മന്ത്രി ഇ.പി. ജയരാജന്റെ, അന്തരിച്ച ബോക്സിംഗ് ഇതിഹാസം മുഹമ്മദ് അലിയെക്കുറിച്ചുള്ള ചാനലുകളോടുള്ള പ്രതി

കരണം. രണ്ട് സഹജീവിക്കു സ്വജീവനെ പകുത്തു നൽകുന്നതിന്റെ സന്തോഷം സ്ഫുരിക്കുന്ന മുഖവുമായി സിസ്റ്റർ ചൈതന്യ.

ഒന്നാമത്തെ സംഭവത്തെ സമൂഹം എങ്ങനെ ആഘോഷിച്ചു എന്നത് ശ്രദ്ധിക്കുക നല്ലതാണ്... സോഷ്യൽ മീഡിയയിൽ വൈകാതെ വൈറലാവുന്നു. ഇതിനെ സംബന്ധിച്ചുള്ള പോസ്റ്റുകളും ട്രോളുകളും ഫേസ്ബുക്കിലും വാട്ട്സ് ആപ്പിലും പറന്നു... മന്ത്രിയുടെ അനുശോചന സന്ദേശമടങ്ങുന്ന ചാനൽ വാർത്തയുടെ ക്ലിപ്പിംഗ് ജൂൺ 4 വൈകുന്നേരത്തോടെ രണ്ടു ലക്ഷത്തിലേറെപ്പേരാണ് കണ്ടത്. അതിനിടെ വി.ടി. ബൽറാം എം. എൽ.എ യുടെ പോസ്റ്റിന് ഒരു മണിക്കൂറിനകം ഏഴായിരത്തോളം ലൈക്ക്... മൂവായിരത്തിയഞ്ഞൂറു പേർ പോസ്റ്റ് ഷെയർ ചെയ്തു മണിക്കൂറുകൾക്കകം.

രണ്ടാമത്തെ സംഭവം വിശദീകരിച്ചിരിക്കുന്നത് ഇപ്രകാരം: “സി.എം.സി. സഭ ഇടുക്കി പ്രൊവിൻസിലെ നെടുങ്കണ്ടം കാർമൽ ഭവനിലെ കന്യാസ്ത്രീയായ ചൈതന്യ സഹജീവിയുടെ ജീവൻ രക്ഷിക്കാൻ, ജീവിച്ചിരിക്കുമ്പോൾ ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ ത്യാഗത്തെക്കുറിച്ച് മനസ്സിലാക്കിയത് കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ കൂടിയായ ഫാ. ഡേവിഡ് ചിറമ്മേലിന്റെ വാക്കുകളിൽനിന്നാണ്. സഭയുടെ എറണാകുളം പ്രൊവിൻസിലെ സിസ്റ്റർ ലിറ്റിൽ തെരേസയും പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനും വൃക്ക ദാനം ചെയ്തത് മനസ്സിലെ ആഗ്രഹത്തിന് കൃത്യമായ വളക്കൂറായി...” ഈ വാർത്ത മണിക്കൂറുകൾക്കകമല്ല ആഴ്ചകൾക്കകമെങ്കിലും ആദ്യ സംഭവംപോലെ സോഷ്യൽ മീഡിയയിൽ വൈറലായോ ആവോ?

എന്തിനെയും നിമിഷങ്ങൾക്കകം മാധ്യമങ്ങളിലൂടെ ആഘോഷിക്കുന്ന 21-ാം നൂറ്റാണ്ട്... നേരിയൊരു പാളിച്ച ഈ ആഘോഷങ്ങളിൽ സംഭവിക്കുന്നുണ്ടോ എന്നതൊരു സംശയമാണ്... യാതൊരു ദാക്ഷിണ്യവുമില്ലാതെ സഹജനെ അറുത്തു മുറിക്കുന്നതും സഹജന്റെ സത്കീർത്തി നശിപ്പിക്കുന്നതുമായ വാർത്തകളെയും ചിത്രങ്ങളെയും അതിവേഗം ബഹുദൂരത്തായിരിക്കുന്നവരിലേക്ക് കൈമാറ്റം ചെയ്യുവാനും ആസ്വദിക്കുവാനും കാട്ടുന്ന തത്രപ്പാട് എന്തേ നന്മ മാത്രം ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങളെക്കുറിച്ചോ, അപരനുപകരിക്കുന്ന കാര്യങ്ങളെക്കുറിച്ചോ ഇല്ലാതായിപ്പോകുന്നു?

കഴിഞ്ഞ ദിവസം 3 വയസ്സുള്ള കുഞ്ഞ് സ്മാർട്ട് ഫോണുമായി വന്ന്, വാട്സ് ആപ്പിൽ വന്ന ചിത്രങ്ങൾ കാട്ടിയതിൽ, അവൾക്കേറ്റം ഇഷ്ടപ്പെട്ടതായി പറഞ്ഞ ചിത്രങ്ങൾ മനഃസാക്ഷിയുള്ള, കരളുറപ്പില്ലാത്ത ഒരു വ്യക്തിക്കും കാണാൻ സാധിക്കുന്നവയല്ല.... വ്യത്യസ്തമായ വണ്ടിയപകടങ്ങളും അതിൽ ചതഞ്ഞരഞ്ഞതും വികൃതമാക്കപ്പെട്ടതുമായ മനുഷ്യശരീരങ്ങളും.

പ്രിയമുള്ളവരേ.. നന്മയായതിനെ, സഹജീവിക്ക് നന്മയാകും എന്നതിനെ ഉയർത്തിപ്പിടിക്കുവാൻ നമുക്കാകണം. എന്തിനെയും ക്യാമറയിൽ പകർത്തി ആഘോഷമാക്കുമ്പോൾ ഒരുവേള നമുക്കു ചിന്തിക്കാം, ഇതിൽ എന്തു നന്മയുണ്ട്? അതിനുമപ്പുറം ക്രിയാത്മകമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ലഭിക്കുന്ന അപൂർവ്വ നിമിഷങ്ങളെ നിസ്സംഗതയോടെ നിഷ്ക്രിയത്വത്തോടെ സമീപിക്കാതെ ജീവിതം കൊണ്ടന്വർത്ഥമാക്കാം... നന്മയുടെ പ്രസരണത്തിനായി കരം കോർക്കാം. നന്മയുടെ ഓർമ്മകളാവാം, നന്മയുടെ ശേഷിപ്പുകളാവാം... ഈശോയെപ്പോലെ ‘തിരു’ഹൃദയത്തിനുടമകളാവാം. വിശുദ്ധരെപ്പോലെ ‘തിരു’ശേഷിപ്പുകളാകാം.. വെറും ഹൃദയമോ, വെറും ശേഷിപ്പുകളോ ആകാതെ...





ലോകപ്രശസ്ത ബ്രസീലിയൻ നോവലിസ്റ്റായ പൗലോ കൊയ്‌ലോ തന്റെ *ഫിഫ്ത്ത് മൗണ്ടൻ* എന്ന നോവലിലെ കേന്ദ്രകഥാപാത്രമായ ഏലിയാപ്രവാചകനിലൂടെ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നുണ്ട്: “എന്തും ഏതും ചെയ്യാമായിരുന്നിട്ടും ... അവിടുന്ന് നന്മ മാത്രമേ ചെയ്യുന്നുള്ളു... കഥയൊക്കെ പറഞ്ഞുകഴിയുമ്പോൾ നമുക്ക് താനേ മനസ്സിലാകും... നമ്മൾ തിന്മയെന്നു കരുതിയത് നന്മയുടെ ഒരു വേഷപ്പകർച്ച മാത്രമായിരുന്നുവെന്ന്... അതും തല്ക്കാലത്തേക്കു മാത്രം... പിന്നെ വീണ്ടും നന്മയായിത്തന്നെ തുടരുന്നു... മനുഷ്യരാശിക്കുവേണ്ടി ദൈവം മനുഷ്യനെ സൃഷ്ടിച്ച പദ്ധതിയുടെ ഒരു ഭാഗമാണത്”. നന്മയെന്നും ശരിയെന്നും തോന്നുന്നതൊക്കെ നിറവേറ്റാനൊരുങ്ങുമ്പോൾ, തനിക്ക് തീർത്തും അപരിചിതവും അപ്രതീക്ഷിതവുമായ ജീവിതസാഹചര്യങ്ങളെ തുടർച്ചയായി നേരിടേണ്ടിവന്ന ഒരുവന്റെ ജീവിതമധ്യാഹ്നത്തിലെ തിരിച്ചറിവിന്റെ വാക്കുകളാണിത്.

പലവിധത്തിലുള്ള അനിശ്ചിതത്വങ്ങൾ നിറഞ്ഞ ജീവിതസാഹചര്യങ്ങൾ നേരിടാത്ത ഒരാൾ പോലും ഈ ഭൂമിയിലുണ്ടാകില്ല. നമ്മുടെതന്നെയോ മറ്റുള്ളവരുടെയോ ജീവിതത്തിലുണ്ടാകുന്ന ചില ദുരന്തങ്ങളുടെയും മനസ്സിലാകാത്ത അവസ്ഥകളുടെയും മുമ്പിൽ ചോദ്യങ്ങളുയരാത്തവരുമുണ്ടാകില്ല. നിസ്സഹായരുടെയും നീതിമാന്മാരുടെയും സഹനങ്ങൾക്കു മുമ്പിൽ മൗനം പാലിക്കേണ്ടിവരുന്ന മനസ്സിന്റെ നീറ്റലും പിടച്ചിലും അനുഭവിക്കാത്തവരുമുണ്ടാ

# നന്മയുടെ വേഷപ്പകർച്ചകൾ

ഷിനി മുതുപ്ലാക്കൽ



കില്ല. നാം തിന്മയെന്നു വിളിക്കുന്ന, വിധിക്കുന്ന പലതും നന്മയുടെ വേഷപ്പകർച്ചകളാണെന്നു മനസ്സിലാക്കാൻ ഒരുപക്ഷേ, കാലങ്ങൾ വേണ്ടി വരും. ജീവിതസായാഹ്നത്തിലെ തിരിഞ്ഞുനോട്ടമാകാം പല തിരിച്ചറിവുകളും നല്കുന്നത്.

ഭാവി അറിയാൻ പാടില്ലാത്ത മനുഷ്യന്റെ പരിമിതമായ അറിവുകളും അനുഭവങ്ങളുമാണ് ചില സംഭവങ്ങളെ തിന്മയുടെ വിധിക്കൂട്ടിൽ നിർത്തുന്നത്. അപരിമേയനും അനന്തജ്ഞാനിയും സർവശക്തനുമായ ദൈവതിരുമുമ്പിൽ ചോദ്യങ്ങളുയർത്തുന്നത് വിഡ്ഢിത്തമാണെന്ന് നീതിമാനായ ജോബ് തന്റെ ജീവിതദുരന്തങ്ങളുടെ മധ്യത്തിലായിരിക്കുമ്പോൾത്തന്നെ മനസ്സിലാക്കുന്നുണ്ടല്ലോ. ദൈവഹിതത്തിനു പൂർണമായും വിധേയപ്പെടുക എന്നതുമാത്രമാണ് കരണീയം. ദൈവതിരുമനസ്സ് എന്നു കരുതി നാം മുന്നേറുന്ന വഴികളൊക്കെ ശരിയാവണമെന്നുമില്ല. ശരിയായ വഴികളിലേക്കു നയിക്കാനാണ് പല വീഴ്ചകളും അവിടുന്ന് അനുവദിക്കുന്നതെന്ന തിരിച്ചറിവാണ് നമുക്കു വേണ്ടത്.

വീഴ്ചകളിൽനിന്നു പുതുചൈതന്യത്തോടെ ഉണരാൻ നമുക്കാവശ്യം അചഞ്ചലമായ വിശ്വാസമാണ്. ഈശോയുടെ പല അത്ഭുതങ്ങളും കണ്ട്, അവിടുത്തെ വചനങ്ങൾ കേട്ട് അവിടുത്തോടൊപ്പമായിരുന്ന ശ്ലീഹന്മാരും അവിശ്വാസത്തിന്റെ കടമ്പകളിൽതട്ടി പലവട്ടം വീണിട്ടുണ്ട്. 'അല്പവിശ്വാസികളേ' എന്ന ഈശോയുടെ വിളി കേൾക്കേണ്ടി വന്നിട്ടുണ്ടവർക്ക്. അപസ്മാരരോഗിയെ സുഖപ്പെടുത്താൻ സാധിക്കാത്തതിന് 'വിശ്വാസമില്ലാത്ത തലമുറ' എന്ന വിശേഷണം ചാർത്തിക്കിട്ടിയിട്ടുണ്ടവർക്ക്. മനുഷ്യപുത്രൻ പീഡകൾ സഹിക്കേണ്ടി വരും, മരിക്കേണ്ടി വരും എന്നാൽ മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കും എന്നൊക്കെ പലവട്ടം പറഞ്ഞു പഠിപ്പിച്ചിട്ടും സഹനവേളയിൽ ഈശോയെ വിട്ടോടിയതിന്റെ ചരിത്രമുണ്ടവർക്ക്. എന്നാൽ ഉത്ഥിതനെ ദർശിച്ച്, അവിടുത്തെ പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിച്ചശേഷം അവരിലുണ്ടായ മാറ്റം വിസ്മയനീയമായിരുന്നു. അവികലമായ, അചഞ്ചലമായ അവരുടെ വിശ്വാസദാർഢ്യമാണല്ലോ തിരുസഭയ്ക്ക് അടിത്തറ പാകിയത്.

തുടക്കംകുറിച്ചപ്പോൾത്തന്നെ സഭയുടെ നിലനില്പിന് സഭാമക്കൾ വലിയ വില കൊടുക്കേണ്ടി വന്നു. ലോകാവസാനം വരെ ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരിക്കും; ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല എന്നൊക്കെയുള്ള ഈശോയുടെ വാക്കുകൾ നിലനില്ക്കേയാണ് ആദിമസഭയ്ക്ക് വളരെയധികം പീഡനങ്ങൾ ഏല്ക്കേണ്ടി വന്നത്. എന്നാൽ ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും മറ്റ് സഭാമക്കളുടെയും വിശ്വാസം ഒട്ടും ക്ഷയിച്ചില്ല. വിശ്വാസത്തിന്റെ പേരിൽ ചിതറിക്കപ്പെട്ടത് ഒരു ദുരന്തമായല്ല അവർ കണ്ടത്. അവർ അതൊരു അനുഗ്രഹമാക്കി മാറ്റി. വിവിധ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും എത്തിച്ചേർന്ന അവർ തങ്ങൾ കടന്നുചെന്ന പുതിയ ഇടങ്ങളിൽ ദൈവവചനത്തിന്റെ വിത്തുകൾ പാകി. ദുരന്തമുഖങ്ങളിൽ തളർന്നിരിക്കാതെ വർദ്ധിത വിശ്വാസത്തോടെ പ്രവർത്തിച്ചവർക്ക് ദൈവമേകിയ സമ്മാനമെന്നോണം, അങ്ങനെ സഭ വിശാലമായി വളർന്നു.

ഇന്നും സഭാമക്കൾ വിവിധയിടങ്ങളിൽ പീഡിപ്പിക്കപ്പെടുന്നുണ്ട്. അവയിൽ ചിലതു മാത്രം പുറംലോകം അറിയുന്നുവെന്നു മാത്രം. മധ്യപൂർവദേശങ്ങളിലെ ഭീകരതയുടെ ചില മുഖങ്ങൾ കുറേ നാളുകളായി നാം അറിയുന്നുണ്ടല്ലോ. എന്നാൽ വിശ്വാസം ഒരിക്കലും തളരില്ല; അത് വളർന്നുകൊണ്ടിരിക്കും. ഓർമ്മയിൽ ഭയപ്പാടുകൾ നിറയ്ക്കുന്ന പലതും ജീവിതത്തിൽ നേരിടേണ്ടിവരുമ്പോൾ ഉള്ളിൽ ധൈര്യം നിറയ്ക്കുകയേ ഉള്ളു. മരണം മുന്നിൽ നില്ക്കുമ്പോഴും വിശ്വാസം ത്യജിക്കാതെ അത് ഏറ്റുപറയാനുള്ള കരുത്ത് നിത്യസഹായകനായി കൂടെയുള്ളവൻ പകർന്നുതരും. അവന്റെ



പ്രതീക്ഷയുടെ പൂമൊട്ടുകൾ

കൈപിടിച്ച് സ്വർഗ്ഗീയതീരത്തേക്കു യാത്രയാകുന്നവരുടെ ചാഞ്ചല്യമില്ലാത്ത മുഖഭാവങ്ങൾ മാധ്യമങ്ങളിൽ നാം കണ്ടതാണല്ലോ. അറുക്കപ്പെടാൻ പോകുന്ന നിമിഷങ്ങളിലും കൈവിടാത്ത അത്ര ആഴമേറിയ വിശ്വാസം!

ദുക്റാനതിരുനാൾ ആഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായെ കൃതജ്ഞതനിറഞ്ഞ ഹൃദയത്തോടെ നമുക്ക് ഓർക്കാം. താൻ തൊട്ടനുഭവിച്ച ദൈവസ്നേഹത്തിന്റെ പ്രചാരകനും പ്രഘോഷകനുമായി എത്രയോ കാതം അദ്ദേഹം സഞ്ചരിച്ചു. സ്വന്തം ദേശം വിട്ട്, സഹോദരങ്ങളെ ഉപേക്ഷിച്ച്, തനിക്കു തീർത്തും അപരിചിതമായ വിദൂരദേശത്തേക്കു സഞ്ചരിക്കാൻ അദ്ദേഹത്തിനു സാധിച്ചത് വിശ്വാസതീക്ഷ്ണതമൂലമാണ്. പുതിയ ആളുകളും സംസ്കാരങ്ങളും ഭാഷകളുമായി പൊരുത്തപ്പെടാൻ സാധിച്ചത് ഈശോയോടുള്ള സ്നേഹത്തിന്റെ തള്ളൽ മൂലമാണ്.

നമ്മുടെ നാട്ടിലെത്തിയ തോമ്മാശ്ലീഹായെ കാത്തിരുന്നത് പൂക്കൾ വിതറിയ പാതകളായിരുന്നില്ല. ഏതദ്ദേശീയ മതത്തിന്റെയും മറ്റ് അസൂയാലുക്കളുടെയും കണ്ണിലെ കരടായി മാറിയെങ്കിലും തനിക്ക് അനുഭവപ്പെട്ട പ്രതിസന്ധികളെയെല്ലാം അദ്ദേഹം തന്റെ വിശ്വാസപ്രചാരത്തിനുള്ള മാർഗങ്ങളാക്കി മാറ്റുകയായിരുന്നു. ഒടുവിൽ രക്തസാക്ഷിത്വത്തിലൂടെ ഈശോയിലുള്ള തന്റെ വിശ്വാസത്തിന് അദ്ദേഹം മുദ്ര ചാർത്തുകയും ചെയ്തു.

മാർത്തോമ്മാശ്ലീഹായുടെ മക്കളാണെന്ന അഭിമാനം പേറുന്നവരാകണം നാം. ആ പിതാവു തെളിച്ച വിശ്വാസദീപം അണയാതെ കാക്കുന്നവരാകണം നാം. അതിന്റെ ജ്വാലയുടെ ശോഭ മങ്ങാതെ വരും തലമുറകളിലേക്ക് കൈമാറുന്നവരാകണം നാം. വിശ്വാസവീഥികളിൽ പലവുരു കാൽതട്ടി വീണവരും വീഴുന്നവരുമാണ് നാം. വിശ്വാസികളെന്ന് അഭിമാനിക്കുമ്പോഴും 'പ്രായോഗിക നിരീശ്വര'ത്തിന്റെ വിത്തുകൾ പേറുന്നവർ. അതുകൊണ്ടാണല്ലോ പ്രശ്നകലുഷിതവേളകളിൽ മനസ്സ് പതറുന്നത്. ദൈവമെന്തേ ഇതൊന്നും കാണുന്നില്ല എന്നു കേഴുന്നത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ച ദൈവസ്നേഹസ്പർശനത്തിന്റെ ഓർമ്മ നഷ്ടപ്പെടുന്നത്. അപ്പനമ്മമാരുടെ മുമ്പിൽ കുറുമ്പുകാട്ടി മുഖം തിരിച്ചിരിക്കുന്ന കുഞ്ഞിനെപ്പോലെ ദൈവത്തോടു മറുതലിക്കുന്നത്.

നമ്മെ സ്നേഹിക്കുന്ന പിതാവിന്റെ മുമ്പിൽ മക്കളുടെ സ്വാതന്ത്ര്യം തീർച്ചയായും നമുക്കു പ്രകടിപ്പിക്കാം. എന്നാൽ അനന്തമായ ആ സ്നേഹത്തെ മറന്നുകളയരുത്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിക്കുന്നു എന്ന വചനം നമുക്ക് കരുത്താകട്ടെ. വിശ്വാസവെളിച്ചം ഇടയ്ക്കു മങ്ങിക്കത്തിയാലും ക്ഷമയോടെ, കരുണയോടെ കാത്തിരിക്കുന്നവന്റെ കൈയിൽ ജീവിതം ഭരമേല്പിക്കാം. ഒരിക്കലും അണയാത്ത വിശ്വാസദീപം ഉള്ളിൽ തെളിക്കണമേ എന്നു പ്രാർത്ഥിക്കാം.





# അമ്മയോടൊപ്പം അനുഗ്രഹവഴിയേ



**റാണി മരിയ തോപ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സ്തോത്രഗീതത്തിലൂടെ ദൈവത്തെ സ്തുതിച്ച പരിശുദ്ധ കന്യാമറിയത്തിന്റെ ഈരടികൾ ധ്യാനിച്ചു കൊണ്ടു നമുക്കു പ്രാർത്ഥിക്കാം.

**ഒന്നാം ദിവ്യരഹസ്യം**

*എന്റെ ആത്മാവു കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.*

പരിശുദ്ധ അമ്മേ, ഞങ്ങളുടെ എല്ലാ ജീവിതാനുഭവങ്ങളിലും ദൈവത്തെ മഹത്ത്വപ്പെടുത്താനും അവിടുന്നിൽ ആനന്ദം കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**

*അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.* പരിശുദ്ധ അമ്മേ, ഞങ്ങൾ വ്യാപരിക്കുന്ന എല്ലാ ഇടങ്ങളിലും താഴ്മയോടെ നിലനിന്നുകൊണ്ട്, ഭാഗ്യപൂർണമായ ജീവിതം നയിച്ച് സ്വർഗസൗഭാഗ്യം നേടുവാൻ ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**

*ശക്തനായവൻ എനിക്കു വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു. അവന്റെ നാമം പരിശുദ്ധമാണ്. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു*

ശക്തനായവനിലൂടെ ലഭിച്ചിരിക്കുന്ന വലിയ കാര്യങ്ങൾ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് ഹൃദയത്തിലുയരുന്ന അഹങ്കാരചിന്തകളെ ദൂരെയകറ്റുവാൻ അമ്മേ, ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**

*അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും.*

പരിശുദ്ധ അമ്മേ, ഓരോ നിമിഷവും ഞങ്ങളിലേക്ക് വർഷിക്കപ്പെടുന്ന ദൈവകരുണയെക്കുറിച്ച് അവബോധമുള്ളവരാകുവാനും നന്ദിയുള്ള ഹൃദയത്തോടെ ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**

*വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾക്കൊണ്ട് സമ്പന്നരാക്കി. സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു.*

പരിശുദ്ധ അമ്മേ, ഞങ്ങൾക്കു ദാനമായി ലഭിച്ചിരിക്കുന്ന നിരവധി കഴിവുകളാകുന്ന സമ്പന്നതയിൽ അഹങ്കരിക്കാതെ അവ സഹോദരങ്ങളുടെ നന്മയ്ക്കായി ഉപയോഗിച്ചുകൊണ്ട് സംതൃപ്തരായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*





വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്കു നല്കണമേ

## Spirituality Centre Programme

### July

08 Social Animators
09 Social Animators & School of Bible
12-13 Cenacle Gathering (Sodales&Aspirants)
16 Recollection for Oblates
26 Bible Study Forum

### August

12 Social Animators
13 Social Animators & School of Bible
16 Bible Study Forum
16-17 Cenacle Gathering (Sodales&Aspirants)
20 Recollection for Oblates



RNI: KERMAL/2014/59983
Published on
24th June 2016

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

“ശാന്തി ജഗത്തിനു നല്കണമേ
ഭൂവിനുമോദം പകരണമേ
ദുഷ്ടനെ ദൂരെയകറ്റണമേ
സഭയെ പാലിച്ചീടണമേ
വൈരാഗ്യങ്ങളകറ്റണമേ
പാവനസ്നേഹം നല്കണമേ
സഹജനു സേവനമേകിടുവാൻ
അതുവഴി നിൻസ്തുതി പാടിടുവാൻ”

(കൈത്താക്കാലം, ചൊവ്വ-എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal